# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി6/116/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി6/116/2023 തീയ്യതി: 28/03/2023

## കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിതേന്ദ്രൻ എ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 06-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ വി, ഓഡിറ്റ് ഓഫീസർ
യാദവകുമാര സി എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഘുനാഥൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജനാർദ്ദനൻ സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബി ശാന്ത | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| എം പ്രദീപൻ | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ലസിത കെ എ | സെക്രട്ടറി | 01-07-2021 | 21-12-2021 |
| മുരളീധരൻ പുന്നക്കുഴി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-12-2021 | 06-02-2022 |
| ലസിത കെ എ | സെക്രട്ടറി | 07-02-2022 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശിവകുമാർ | കൃഷി ഓഫീസർ | 01-04-2021 | 23-10-2021 |
| സാജു എസ് എസ് | കൃഷി ഓഫീസർ | 24-10-2021 | 31-03-2022 |
| പുരുഷോത്തമൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ. സത്യശങ്കര ഭട്ട് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ. ദീപ്തി പി ടി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. ചാർളി മാത്യൂ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ഇ ചന്ദ്രബാബു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഭവ്യ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| സുചിത കുമാരി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| അനിൽ കുമാർ എ ജി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| സുകുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| സുബ്രഹ്മണ്യ ഭട്ട് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| കൈലാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 13-12-2021 |
| അനുഷ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-12-2021 | 02-03-2022 |
| ജറീന പി | അസിസ്റ്റന്റ് എഞ്ചിനീയർ | 03-03-2022 | 31-03-2022 |
| സുനിൽ കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 22-07-2021 |
| രാമചന്ദ്രൻ കെ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ് | 23-07-2021 | 23-08-2021 |
| മുരളീധരൻ പുന്നക്കുഴി | അസിസ്റ്റന്റ് സെക്രട്ടറി | 24-08-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന- നിരീക്ഷണങ്ങൾ | 1-2 |
| 3 | 2020-21 വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യപത്രത്തിലെ വിശേഷണങ്ങളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-2-1 |
| 4 | കണക്കിൽ പെടാത്ത ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ | 1-2-2 |
| 5 | ട്രയൽ ബാലൻസ്, ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് എന്നിവയിൽ പിശക് | 1-2-3 |
| 6 | റീകൺസിലിയേഷനിലെ അപാകങ്ങൾ | 1-2-4 |
| 7 | ബാലൻസ് ഷീറ്റിലെ വിവിധ ഇനങ്ങളിലെ അപാകങ്ങൾ | 1-2-5 |
| 8 | പ്രധാന രേഖകളിലെ കണക്കുകൾ തമ്മിൽ പൊരുത്തക്കേട് | 1-2-6 |
| 9 | അക്കൗണ്ട്സ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുന്നില്ല | 1-2-7 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-10 |
| 18 | തൊഴിൽ നികുതി -അപാകതകൾ | 1-11 |
| 19 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി | 1-12 |
| 20 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-13 |
| 21 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-14 |
| 22 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത | 1-15 |
| 23 | വസ്തു നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തറ നിർമ്മിതി, സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് എന്നിവ പരിഗണിച്ചില്ല-അപാകത | 1-16 |
| 24 | റഗുലറൈസേഷൻ ഫീസ് -കുറഞ്ഞ തുക ഈടാക്കിയതും മറ്റ് അപാകതകളും | 1-17 |
| 25 | ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പ് വരുത്താതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചു. | 1-18 |
| 26 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല-നിർവഹണ ഉദ്യോഗസ്ഥൻ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-19 |
| 27 | ഓണം ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചുപിടിക്കാത്തത് -അപാകത | 1-20 |
| 28 | MGNREGS ഓഫീസിലേക്ക് കമ്പ്യൂട്ടർ മോണിറ്റർ, പ്രിന്റർ വാങ്ങിയത് | 1-21 |
| 29 | വരൾച്ചാദുരിതാശ്വാസം -കുടിവെള്ള ടാങ്ക് വാങ്ങിയത് | 1-22 |
| 30 | ആംബുലൻസ് ഡ്രൈവർക്ക് വേതനം നൽകിയത് -2220/-രൂപ അധികം നൽകി | 1-23 |
| 31 | വൈദ്യുതി ബോർഡ് ഡെപ്പോസിറ്റ് വർക്ക് -കരാർ ഒപ്പിടുന്നതിൽ കാലതാമസം, വിനിയോഗ | 1-24 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | |
| 32 | എ.ബി.സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ-അപാകത | 1-25 |
| 33 | അങ്കണവാടികൾക്ക് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ പദ്ധതി. | 1-26 |
| 34 | സ്കൂളുകൾക്ക് കംപോസ്റ്റ് പിറ്റ് പദ്ധതി. | 1-27 |
| 35 | തെരുവ് വിളക്ക് റിപ്പയർ പദ്ധതി. | 1-28 |
| 36 | അസി.എഞ്ചിനീയർ-LSGD,വി.ഇ.ഒ ഓഫീസുകളിലേക്ക് കംപ്യൂട്ടർ വാങ്ങൽ പദ്ധതി. | 1-29 |
| 37 | ഡെപ്പോസിറ്റ്/കോൺട്രിബ്യൂഷൻ- വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-30 |
| 38 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല | 1-31 |
| 39 | പച്ചക്കറി കൃഷി പ്രോത്സാഹനം-അപാകത | 1-32 |
| 40 | ഫർണിച്ചർ /ലാപ്പ് ടോപ്പ് വിതരണത്തിലെ അപാകതകൾ -നിർവ്വഹണം- ഹെഡ്മ് മാസ്റ്റർ | 1-33 |
| 41 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി / പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗങ്ങൾ ചേരുന്നില്ല -നിർവ്വഹണം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ബദിയടുക്ക | 1-34 |
| 42 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ- നിർവ്വഹണം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-35 |
| 43 | റീട്ടെൻഷൻ തുക നൽകുന്നതിനായി മെയിന്റനൻസ് ഫണ്ടിൽ നിന്നും വീണ്ടും തുക പിൻവലിച്ചു- അപാകത | 1-36 |
| 44 | ഡ്രെയിനേജ് മറികടന്നു കൊണ്ട് പ്രവൃത്തികൾ നിർവഹിക്കുന്നു. | 1-37 |
| 45 | പ്ലാസ്റ്റിക് റോഡ് നിർമാണം- പ്ലാസ്റ്റിക് വാങ്ങിയതിന് തെളിവില്ല | 1-38 |
| 46 | മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും സർവീസ് ചാർജ് ഇനത്തിൽ തുക ഈടാക്കി- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-39 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത-1750/-രൂപ നഷ്ടം | 2-1 |
| 2 | റഗുലറൈസേഷൻ ഫീസ് -കുറഞ്ഞ തുക ഈടാക്കി-4152/- രൂപ നഷ്ടം | 2-2 |
| | ഭാഗം **3** | |
| 1 | ആംബുലൻസ് ഡ്രൈവർക്ക് വേതനം നൽകിയത് -2220/-രൂപ അധികം നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് |
| 4 | 2021-22 വർഷത്തെ റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | 2021-22 വർഷത്തെ ഇൻകം ആന്റ് എക്സ്പെന്റീച്ചർ അക്കൗണ്ട് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 തീയതി 25/02/2021 | 5/1 തീയതി 16/03/2022 |
| മുന്നിരിപ്പ് | 2,59,35,249 | 2,60,10,249 |
| വരവ് | 6,12,31,500 | 19,14,73,693 |
| ആകെ | 8,71,66,749 | 21,74,83,942 |
| ചെലവ് | 5,48,50,000 | 13,52,61,975 |
| നീക്കിയിരിപ്പ് | 3,23,16,749 | 8,22,21,967 |

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന- നിരീക്ഷണങ്ങൾ

ബദിയടുക്ക ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 2020-21 വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യപത്രത്തിലെ വിശേഷണങ്ങളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല

ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നം.കെ.എസ്.എ.കെ.എസ്.ഡി6/646/2021, തിയതി 15.11.2021 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ സാക്ഷ്യപത്രത്തിലെ വിശേഷണങ്ങളിന്മേൽ നാളിതു വരെ പരിഹാര നടപടികൾ സ്വീകരിക്കാത്തതു കൊണ്ട് ഈ സാക്ഷ്യപത്രം പ്രകാരമുള്ള വിശേഷണങ്ങൾ നിലവിലും തുടരുന്നു.

### 1-2-2 കണക്കിൽ പെടാത്ത ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ

1. ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കാസറഗോഡ് സബ്ട്രഷറിയിലുള്ള 720021400000028 നമ്പർ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ധനകാര്യപത്രികയിൽ ഇടം പിടിച്ചിട്ടില്ല എന്ന് കാണുന്നു. 31.03.2022 ൽ ഈ അക്കൗണ്ടിൽ 13,990രൂപ നീക്കിയിരിപ്പുണ്ട്.

2. ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ബാങ്ക് ഓഫ് ബറോഡയിലുള്ള 68680100012522 നമ്പർ അക്കൗണ്ട് ധനകാര്യപത്രികയിൽ ഇടം പിടിച്ചിട്ടില്ല എന്ന് കാണുന്നു. 17.11.2021 ൽ ഈ അക്കൗണ്ടിൽ 11,500രൂപ നീക്കിയിരിപ്പുണ്ട്.

### 1-2-3 ട്രയൽ ബാലൻസ്, ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് എന്നിവയിൽ പിശക്

1. വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ട്രയൽ ബാലൻസ് തെറ്റാണ്. മിക്ക അക്കൗണ്ടുകളുടെയും നീക്കിയിരിപ്പിൽ ഡെബിറ്റിലും ക്രഡിറ്റിലും തുകയുള്ളതായാണ് ട്രയൽ ബാലൻസിൽ ഉള്ളത്.

2. വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകതയുണ്ട്. 01.04.2021 ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും 31.03.2022 ലെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (+) 1,09,01,386 രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ പട്ടിക പ്രകാരം Operating Activities, Investing Activities, Financing Activities എന്നിവ വഴി ക്യാഷിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് 1,81,58,348 രൂപയാണ്. ക്യാഷിലുണ്ടായ വർദ്ധനവ് പൊരുത്തപ്പെടുന്നില്ല.

### 1-2-4 റീകൺസിലിയേഷനിലെ അപാകങ്ങൾ

1. കാനറാ ബാങ്ക് അക്കൗണ്ട് നമ്പർ 3856

31.03.2022 ലെ ക്യാഷ് ചെയ്യാത്ത ചെക്കുകളുടെ ലിസ്റ്റിൽ വൗച്ചർ നം.31900298/01.03.2020 പ്രകാരം 8,750 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ ഇൻസ്ട്രുമെന്റ് നമ്പർ, തിയതി ലിസ്റ്റിൽ ചേർത്തിട്ടില്ല.

2. 450650109- ട്രഷറി സ്പെഷൽ ടി .എസ്.ബി

31.03.2022 ലെ ക്യാഷ് ചെയ്യാത്ത ചെക്കുകളുടെ ലിസ്റ്റിൽ ചെക്ക് നമ്പർ 7336468/08.02.2018 പ്രകാരം 18,750 രൂപ ചേർത്തിട്ടുണ്ട്. കാലഹരണപ്പെട്ട ചെക്കുകൾ യഥാസമയം ക്രമീകരിക്കാതെ ക്യാഷ് ചെയ്യാത്ത ചെക്കുകളുടെ ലിസ്റ്റിൽ നിലനിർത്തുന്നത് ശരിയല്ല.

3. 450210102- SBI (E Payment)

ഈ അക്കൗണ്ടിന്റെ 31.03.2022 ലെ റീക്കൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായി കാണിച്ചിരിക്കുന്നത് 18,18,174 രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2022 ലെ യഥാർത്ഥ

നീക്കിയിരിപ്പ് 18,14,752 രൂപയാണ്.

1-2-5 ബാലൻസ് ഷീറ്റിലെ വിവിധ ഇനങ്ങളിലെ അപാകങ്ങൾ

1. കാപ്പിറ്റൽ കോൺട്രിബ്യൂഷൻ-

എ) . വികസന ഫണ്ട് -എസ്.സി.പി., ടി.എസ്.പി, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നീ ഫണ്ടുകളിൽ നിന്നും 312100101- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് 31.03.2022 ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി) വികസന ഫണ്ട് എസ്.സി.എസ്.പിയിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യപ്പെട്ട തുകയടക്കമുള്ള ചെലവ് 76,88,972 രൂപയാണ്. എന്നാൽ ഇതിൽ നിന്നും 23,94,740 രൂപ കാപ്പിറ്റൽ കോൺട്രിബ്യൂഷനും 52,44,232 രൂപ റവന്യൂ ഗ്രാന്റും ആക്കി മാറ്റിയിട്ടുണ്ട്. (ആകെ 76,38,972രൂപ). 50,000 രൂപ ക്യാപ്പിറ്റൽ /റവന്യൂ കണക്കിൽ ചേർത്തിട്ടില്ല.

സി) ധനകാര്യ കമ്മീഷൻ ഗ്രാന്റ്-untied, Basic ൽ നിന്നുള്ള ആകെ ചെലവ് 34,88,118 രൂപയാണ്. എന്നാൽ ഇതിൽ നിന്നും 11,70,797 രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും 20,31,884 രൂപ റവന്യൂ ഗ്രാന്റും ആക്കി മാറ്റിയിട്ടുണ്ട്. (ആകെ 32,02.681 രൂപ). 2,85,437 രൂപ ക്യാപ്പിറ്റൽ /റവന്യൂ കണക്കിൽ ചേർത്തിട്ടില്ല.

2. സെക്വയേർഡ് ലോൺ- KURDFCയിൽ നിന്നുള്ള ലോൺ-

എ) 31.03.2021 ലെ ബാലൻസ് ഷീറ്റിൽ 330500201-Secured Loan-Loan From KURDFC എന്ന ഹെഡിൽ 4,66,60,820/- രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ ഈ കണക്കിൽ 28.02.2020 ലെ 11902090026 പ്രകാരം കാനറാ ബാങ്ക് അക്കൗണ്ടിൽ വരവു വന്ന 61,36,755/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന വിഹിതം ആണ്. 31.03.2021 ലെ യഥാർത്ഥ ലോൺ ബാദ്ധ്യത 4,05,24,065/- രൂപ മാത്രമാണ്. ഈ വിശേഷണം 2020-21 ലെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യപത്രത്തിലും ഉൾപ്പെടുത്തിയിരുന്നെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ലോൺ ബാദ്ധ്യതയുടെ യഥാർത്ഥ കണക്ക് വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ബി) 330500201- സെക്വയേർഡ് ലോൺ- KURDFCയിൽ നിന്നുള്ള ലോൺ കണക്കിൽ 31.03.2022 ന് 4,22,50,153 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ തത്തുല്യമായ ആസ്തി ഹെഡിൽ (440500101- Prepaid Programme Expenses ) എന്ന കണക്കിൽ 4,22,30,153 രൂപയാണ് നീക്കിയിരിപ്പുള്ളത്.

3. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക- ബാദ്ധ്യതയും അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തമില്ല.

31.03.2022 ലെ ബാലൻസ് ഷീറ്റിൽ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ ബാക്കിയുള്ള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 320700104 | Contributions For Joint Venture- Capital Expenditre- From Block Panchayats | 68,638 |
| 320700105 | Contributions For Joint Venture- Capital Expenditre- From District Panchayats | 16,23,450 |
| 320700204 | Contributions For Joint Venture- Revenue Expenditre- From Block Panchayats | 3,93,150 |
| 320700205 | Contributions For Joint Venture- Revenue Expenditre- From District Panchayats | 7,14,618 |
| 320700405 | Contributions For Joint Venture- Other Specific Expenses- From District Panchayats | 17,75,000 |
| | | 45,74,856 |

എന്നാൽ, സംയുക്ത പദ്ധതികൾക്കുള്ള വിഹിതങ്ങൾ കൈകാര്യം ചെയ്യുന്ന ട്രഷറിയിലെ ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ 31.03.2022 ന് 10,18,750/- രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ, ഈ അക്കൗണ്ടിൽ നിന്നും 31.03.2022 ന് 1,37,10,614 രൂപ സർക്കാർ താത്കാലികമായി തിരിച്ചെടുത്തിട്ടുണ്ട്. അതു കൊണ്ട് 31.03.2022 ലെ ഈ അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരിപ്പ് 1,47,29,364 രൂപയാണ്. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ എന്ന വകയിലെ ബാദ്ധ്യത തുകയും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ഇതിന് വിശദീകരണം നൽകിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാദ്ധ്യതാ കണക്കുകളിലെ അപാകങ്ങൾ, ബാദ്ധ്യതകൾ നിവർത്തിക്കുന്നതിലെ കാലതാമസം, ബാദ്ധ്യതാ കണക്കുകളിൽ യഥാസമയം ക്രമീകരണങ്ങൾ വരുത്തുന്നതിലെ വീഴ്ചകൾ

31.03.2022 ലെ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാദ്ധ്യതാ കണക്കുകളിലെ തുകകൾ സംബന്ധിച്ച് വിശദ പരിശോധന നടത്തി. ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാദ്ധ്യതാ കണക്കുകളിലെ അപാകങ്ങൾ ഉണ്ടെന്നും ബാദ്ധ്യതാ കണക്കുകൾ യഥാസമയം ക്രമീകരിക്കുന്നതിൽ സാംഖ്യാ അക്കൗണ്ടിംഗ് രീതി പഞ്ചായത്തിൽ ആരംഭിച്ച 2010-11 കാലയളവു മുതൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. കൂടാതെ പ്രത്യേക ഉദ്ദേശങ്ങൾക്കായി മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ ബാദ്ധ്യതാ കണക്കിൽ പെടുത്തി വർഷങ്ങളോളമായിട്ടും തുക ചെലവഴിക്കാതെയും അതാത്

സ്ഥാപനങ്ങൾക്ക് തിരികെ നൽകാതെയും കൈവശം വച്ചിട്ടുള്ളതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാദ്ധ്യതയുടെ വിവരം | വിശദ വിവരങ്ങൾ |
|---|---|---|
| 1 | 320100115- CSS- Total Sanitation Campaign (TSC)- 15,02,703 | 31.03.2016 ൽ വരവ് വന്ന 2,88,000 രൂപയും 17.3.2017ന് ലഭിച്ച 16,78,363 രൂപയും (ആകെ 19,66,363 രൂപ ഈ കണക്കിൽ ചേർത്തിരുന്നു. ഇതിൽ നിന്നും 28.02.2021 ന് 4,10,896 രൂപയും 31.03.2022 ന് 52,764 രൂപയും ചെലവ് കണക്കുകളിലേക്ക് മാറ്റിയിട്ടുണ്ട്. Total Sanitation Campaign ഇതിനകം കേന്ദ്ര സർക്കാർ അവസാനിപ്പിച്ച പദ്ധതിയാണ്. 2014 മുതൽ സ്വച്ച് ഭാരത് അഭിയാൻ ആണ് നടന്നു വരുന്ന പദ്ധതി. ആയതിനാൽ ഈ കണക്കിൽ ചേർത്തിട്ടുള്ള തുകകൾ ഏത് പദ്ധതിക്കായി എവിടെ നിന്ന് ലഭിച്ചതാണ് എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.<br><br>കൂടാതെ, 31.03.2022 ന് 42100244 നമ്പർ ജേണൽ മുഖേന ചെലവ് കണക്കിലേക്ക് മാറ്റിയ തുക സംബന്ധിച്ച വിശദാംശങ്ങൾ (പ്രോജക്ട്, ചെലവിന്റെ വിശദാംശങ്ങൾ എന്നിവ) ജേണലിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. |
| 2 | 320100121- CSS- ICDS – 39,43,509 | ഈ കണക്കിൽ 33,57,246 രൂപ മുന്നിരിപ്പ് ഉണ്ടായിരുന്നു. 2021-22 വർഷം ലഭിച്ചത് 15,86,263 രൂപയാണ്. ആകെയുള്ള 49,43,509 രൂപയിൽ നിന്ന് 10,00,000 രൂപ തൻവർഷ ചെലവ് കണക്കിലേക്ക് മാറ്റിയിട്ടുണ്ട്.<br><br>ICDS പദ്ധതിക്കായുള്ള കേന്ദ്ര വിഹിതം ചെലവഴിക്കുന്നതിൽ പുരോഗതിയില്ല. ഭീമമായ തുക ചെലവഴിക്കാൻ ബാക്കിയുണ്ട്. തൻവർഷം പോഷകാഹാര പദ്ധതിക്ക വേണ്ടി മാത്രമേ ചെലവ് നടത്തിയിട്ടുള്ളൂ. ICDS പദ്ധതിയുടെ മറ്റു സേവന പാക്കേജുകളായ ഇമ്മ്യൂണൈസേഷൻ, ആരോഗ്യ ചെക്കപ്പുകൾ, ആരോഗ്യ പോഷക വിദ്യാഭ്യാസം, പ്രീസ്കൂൾ വിദ്യാഭ്യാസം തുടങ്ങിയ പാക്കേജുകൾ കൂടി ഏറ്റെടുക്കേണ്ടതും പദ്ധതിക്കായി ലഭിച്ച കേന്ദ്ര വിഹിതം ഫലപ്രദമായി ചെലവഴിക്കേണ്ടതുമാണ്. |
| 3 | 320200322- Grants From Suchitwa Mission- 18,70,807 | ഈ കണക്കിൽ മുന്നിരിപ്പുണ്ടായിരുന്ന 29,63,535 രൂപയിൽ നിന്ന് 10,92,728 രൂപ ചെലവ് കണക്കിലേക്ക് മാറ്റി ബാക്കി തുകയാണ് ഇത്. പഞ്ചായത്ത് നേരിട്ടു കൊണ്ടിരിക്കുന്ന ഗുരുതരമായ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഉതകുന്ന രീതിയിൽ പ്രോജക്ടുകൾ രൂപീകരിച്ച് നിർവഹണം നടത്തേണ്ടതും ബാക്കിയുള്ള തുക ഉടൻ ചെലവഴിക്കേണ്ടതുമാണ്. |
| 4 | 320300199- Grants, Funds, Contributions, For Specific Purposes- Other Govt. Agencies– Rs. 7,25,333 | ഈ കണക്കിൽ 31.03.2014ന് പെർഡാല സർവീസ് സഹകരണ ബാങ്കിൽ വരവ് വന്ന, ഉദ്ദേശമോ മറ്റു വിശദാംശങ്ങളോ രേഖപ്പെടുത്താത്ത 2 ലക്ഷം രൂപയും 30.03.2016 ലെ 42000297 നമ്പർ ജേണൽ മുഖേന രേഖപ്പെടുത്തിയ 4,80,333 രൂപയും (ഈ തുകയുടെ ഉദ്ദേശവും മറ്റു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല) ഉൾപ്പെടുന്നുണ്ട്. ഈ തുകകളുടെ വിശദാംശങ്ങൾ കണ്ടെത്തി കണക്കുകളിൽ വേണ്ട ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.<br><br>18.03.2019 ന് ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ വരവ് വന്ന, സംസ്ഥാന എക്സൈസ് വകുപ്പിൽ നിന്നും വിമുക്തി പദ്ധതിക്ക് വേണ്ടി ലഭിച്ച 25,000 രൂപ ഈ കണക്കിൽ ബാക്കി നിൽക്കുന്നുണ്ട്. വിമുക്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ |

| | | |
|---|---|---|
| | | ചെലവ് തുക ക്രമീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക സംസ്ഥാന എക്സൈസ് വകുപ്പിന് തിരിച്ചടക്കേണ്ടതുമാണ്.<br>18.09.2020 മുതൽ 01.03.2021 വരെ ലൈഫ് ഭവന പദ്ധതിക്ക് ലോൺ ഇനത്തിൽ ലഭിച്ച തുകകൾ ഈ കണക്കിലാണ് പെടുത്തിയിട്ടുള്ളത്. ഇപ്രകാരം 18.09.2020 മുതൽ 01.03.2021 വരെ എടുത്ത ലോൺ തുകയായ 45,80,000 രൂപയിൽ 45,60,000രൂപ ചെലവഴിച്ചതായി 31.03.2022 ലെ 42000297 നമ്പർ ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ പ്രോജക്ടുകളിലാണ് ഈ ചെലവുകൾ നടത്തിയിട്ടുള്ളത് എന്ന് ജേണലിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ ജേണലിന് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 5 | 320700104-Contributions For JV- For Capital Expenditure-Block Panchayats-<br>Rs. 68,638 | 07.03.2012 ന് ചെർളട്ടക്ക ചേടിക്കാൽ റോഡ് റിപ്പയർ, ഓലമല ഫിഷ് മാർക്കറ്റ് റോഡ്, ബദിയടുക്ക അരമന റോഡ് എന്നീ പ്രവൃത്തികൾക്കായി ഓരോ ലക്ഷം രൂപ വീതം (ആകെ 3 ലക്ഷം) ലഭിച്ചതിൽ 2,50,112 രൂപ ചെലവഴിച്ചതായി 31.03.2012 ലെ 4100010136 നമ്പർ ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ബാക്കിയുള്ള 49,888 രൂപ നാളിതു വരെ പഞ്ചായത്തിന്റെ പക്കൽ തുടരുകയാണ്. ഈ തുക ഉടൻ തന്നെ ബ്ലോക്ക് പഞ്ചായത്ത് വഴി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.<br>31.03.2017ന് പ്രോജക്ട് നം.184/2017ന് വേണ്ടി ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ വരവ് വന്ന 18,750രൂപ അതേ പടി തുടരുകയാണ്. ഈ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്. തുക നാളിതു വരെ ചെലവഴിച്ചിട്ടില്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് വഴി സർക്കാരിലേക്ക് തിരികെ അടക്കേണ്ടതാണ്. |
| 6 | 320700105-Contributions For JV- For Capital Expenditure-District Panchayats-<br>Rs. 16,23,450 | 1. പെർഡാല സർവീസ് സഹകരണ ബാങ്കിൽ 16.02.2012ന് വരവ് വന്ന 5,00,000 രൂപ ഈ കണക്കിൽ ബാക്കിയുണ്ട്. ഈ തുക സംബന്ധിച്ച് അധിക വിവരങ്ങൾ കണക്കുകളിൽ ഇല്ല. ഈ തുക ജില്ലാ പഞ്ചായത്ത് വഴി സർക്കാരിലേക്ക് തിരികെ അടച്ച് ബാദ്ധ്യത നിവർത്തിക്കേണ്ടതാണ്.<br>2. പെർഡാല തൽപ്പണജെ യു.എം നഗർ റോഡ് റിപ്പയർ പ്രവൃത്തിക്ക് വേണ്ടി 2011-12 ൽ ലഭിച്ച 3,00,000 രൂപയിൽ 2,93,640 രൂപയുടെ ചെലവ് കിഴിച്ച് ബാക്കി 6,360 രൂപ ഈ കണക്കിൽ ബാക്കിയുണ്ട്. ഈ തുക ജില്ലാപഞ്ചായത്തിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.<br>3. കെടഞ്ഞി എസ്.സി കോളനി കുടിവെള്ള പദ്ധതിക്കായി 16.05.2012 ന് പെർഡാല സർവീസ് സഹകരണ ബാങ്കിൽ വരവ് വന്ന 4,50,000 രൂപയിൽ ചെലവ് കിഴിച്ച് 2,11,000 രൂപ ഈ കണക്കിൽ ബാക്കിയുണ്ട്. ഈ തുക ജില്ലാപഞ്ചായത്ത് വഴി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.<br>4. പെർഡാല സർവീസ് സഹകരണ ബാങ്കിൽ 28.11.2015ന് പ്രോജക്ട് നം. 208/15-16 ന് വേണ്ടി വരവ് വന്ന 10,000 രൂപ ഈ കണക്കിൽ തുടരുകയാണ്. ഈ പ്രോജക്ടിന് വേണ്ടി ചെലവ് നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ബാദ്ധ്യതാ തുക ക്രമീകരിക്കേണ്ടതാണ്. ചെലവ് നടത്തിയിട്ടില്ലെങ്കിൽ തുക ജില്ലാപഞ്ചായത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.<br>5. 19.04.2016 ന് വൈകല്യ സൗഹൃദ ഭവന പദ്ധതിക്ക് വേണ്ടി |

| | | |
|---|---|---|
| | | 12,00,000 രൂപ പെർഡാല സർവീസ് സഹകരണ ബാങ്കിൽ വരവ് വന്നത് കണക്കുകളിൽ ഇപ്പോഴും ബാദ്ധ്യതയായി തുടരുകയാണ്. ഈ പദ്ധതി സംബന്ധിച്ച് പരിശോധിക്കേണ്ടതും പദ്ധതിയിൽ ചെലവ് നടത്തിയിട്ടുണ്ടെങ്കിൽ അതനുസരിച്ച് ബാദ്ധ്യത ക്രമീകരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം തുക ജില്ലാപഞ്ചായത്ത് വഴി സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.<br>6. 18.03.2021 ലെ പേമെന്റ് വൗച്ചർ നം.22001134 പ്രകാരം 3,03,910 രൂപ "Refund Of Balance Amount Of JV Project 2014-15"എന്ന വിവരണത്തോടു കൂടി ജില്ലാപഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ഇത് ഏത് പ്രോജക്ടിന്റെ ബാക്കി തുകയാണ് എന്ന വിവരം ലഭ്യമല്ല. ഈ തിരിച്ചടവ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. |
| 7 | 320700204- Contributions For JV- For Revenue Expenditure- Block Panchayats-<br>Rs. 3,93,150 | ഈ കണക്കിൽ 01.04.2021 ലെ മുന്നിരിപ്പ് തുക 16,73,150 രൂപയാണ്. ഇതിൽ നിന്നും 30.06.2021 ലെ 22100204 നമ്പർ പേമെന്റ് വൗച്ചർ മുഖേന 12,80,000 രൂപ ബ്ലോക്ക്പഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ട്. 2017-18 ലെ പ്രോജക്ട് നം. 16/18- ഗ്യാസ് ക്രിമറ്റോറിയം എന്ന പ്രോജക്ടിന് ലഭിച്ച തുകയാണ് തിരികെ നൽകിയത്. എന്നാൽ ഈ കണക്കിൽ 3,93,150 രൂപ ഇനിയും ബാക്കി നിൽക്കുന്നുണ്ട്. ഈ തുക ഏതൊക്കെ പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ചതാണ് എന്ന വിവരം കണ്ടെത്തി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുസരിച്ച് ബാദ്ധ്യത തുക ക്രമീകരിക്കേണ്ടതാണ്. |
| 8 | 320700205- Contributions For JV- For Revenue Expenditure- District Panchayats-<br>Rs. 7,14,618 | 10.03.2016ന് പെർഡാല സർവീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന 75,000 രൂപ (പ്രോജക്ട് നം. 4/2016- Subsidy For Paddy Labour) ഈ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക ചെലവ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.<br>ഈ കണക്കിൽ ലൈഫ് ഭവന പദ്ധതിക്കായി ലഭിച്ച 7,14,618 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകയുടെ കൃത്യതയും പരിശോധിക്കേണ്ടതാണ്. |
| 9 | 320700405- Contributions For JV- For Specific Purposes- District Panchayats-<br>Rs. 17,75,000 | ഈ കണക്കിൽ 31.03.2022 ന് നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 31.03.2016 വരെയുള്ള കാലയളവിൽ തണൽ ഭവന പദ്ധതിക്ക് വേണ്ടി ലഭിച്ച തുകയിൽ ബാക്കി- 25,000 രൂപ<br>2. 30.07.2015 ന് പെർഡാല സർവീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ വൈകല്യ സൗഹൃദ ഭവന പദ്ധതിക്ക് വേണ്ടി ലഭിച്ച 6 ലക്ഷം രൂപ.<br>3. 30.07.2015 ന് പെർഡാല സർവീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ പുനർഭവ (NPRPD) പദ്ധതിക്ക് വേണ്ടി ലഭിച്ച 1.5 ലക്ഷം രൂപ.<br>4. 08.04.2016 ന് പെർഡാ ല സർവീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ തണൽ ഭവന പദ്ധതിക്ക് വേണ്ടി ലഭിച്ച തുക- 7,50,000<br>5. 16.03.2017 ന് ഈ കണക്കിൽ ചേർത്ത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത തുക- 2.5 ലക്ഷം രൂപ |

| | | |
|---|---|---|
| | | 6. 07.03.2022 ന് ട്രഷറിയിലെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ജലജീവനം പദ്ധതിക്ക് വേണ്ടി ലഭിച്ച 7 ലക്ഷം രൂപ.<br>7. 14.03.2022 ന് ട്രഷറിയിലെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ജലജീവനം പദ്ധതിക്ക് വേണ്ടി ലഭിച്ച 3 ലക്ഷം രൂപ.<br>മേൽ തുകകളിൽ നിന്നും ക്രമ നം.6, 7 എന്നിവയിലെ തുകകൾ (10 ലക്ഷം രൂപ) 30.09.2021 ലെ സർക്കുലർ നം.86/2021/ ഫിൻ ലെ നിർദേശ പ്രകാരം ട്രഷറി ഓഫീസർ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. (പേമെന്റ് വൗച്ചർ നം. 22101234/31.03.2022).<br>ബാക്കി പ്രോജക്കുകൾ നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഈ കണക്കിലെ തുകകൾ യഥാവിധി ക്രമീകരിക്കേണ്ടതാണ്. നാളിതു വരെ വിനിയോഗിക്കാത്ത തുകകൾ ഉണ്ടെങ്കിൽ ജില്ലാ പഞ്ചായത്ത് വഴി സർക്കാരിലേക്ക് തിരിച്ചടച്ച് ക്രമീകരിക്കേണ്ടതാണ്. |
| 10 | 320800299- Donations To Flood- 31,678<br>320800202 – Donations Related To Pandemic / Epidemic Control- 26,271/- | 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 320800299- Donations To Flood എന്ന കണക്കിൽ 31,678/- രൂപയും 320800202 – Donations Related To Pandemic / Epidemic Control എന്ന ഹെഡിൽ 26,271/- രൂപയും നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ച തുക നാളിതു വരെ അടച്ചിട്ടില്ല എന്ന് കാണുന്നു. തുക അടിയന്തിരമായി ദുരിതാശ്വാസ നിധിയിലേക്ക് അടച്ച് ബാദ്ധ്യത ക്രമീകരിക്കേണ്ടതാണ്. |
| 11 | 350200301- Recoveries Payable – COVID- 1,12,595 | ഈ ബാദ്ധ്യത 02.08.2021 മുതൽ തുടർന്നു വരുന്നതാണ്. തുക കൊടുക്കാനുള്ളവർക്ക് കൊടുത്ത് ബാദ്ധ്യത ക്രമീകരിക്കേണ്ടതാണ്. |
| 12 | 340109901- Other Deposits- 10,75,711 | ഈ തുകയിൽ 9,60,110 രൂപ ബിറ്റുമിന്റെ വില അധികം അടച്ചത് 24.05.2018 ന് തിരികെ ലഭിച്ചതാണ്. 57,469 രൂപ ബിറ്റുമിന്റെ വില കരാറുകാരൻ റീഫണ്ട് ചെയ്തതാണ്. ഈ തുകകളിൽ തനതു ഫണ്ട് തുക ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് തനതു വരുമാനമാക്കി മാറ്റേണ്ടതാണ്. വികസന ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവയിൽ പെട്ട തുകകൾ കണക്കാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. |
| 13 | 340200107- Election Deposits- 1,00,500 | ഈ കണക്കിൽ തെരെഞ്ഞെടുപ്പ് ഡെപ്പോസിറ്റ് ഇനത്തിൽ 12.11.2020 മുതൽ 19.11.2020 വരെ ലഭിച്ച തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുക നിക്ഷേപകർക്ക് തിരികെ നൽകി ക്രമീകരിക്കേണ്ടതാണ്.<br>തെരെഞ്ഞെടുപ്പ് ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുകകൾ 340200107 എന്ന ഹെഡിൽ കൂടാതെ, 340109901- Other Deposits എന്ന കണക്കിലും ചേർത്തിട്ടുള്ളതായി കാണുന്നു. ഏക സ്വഭാവത്തിലുള്ള വരവു ചെലവുകൾ ഒരേ ശീർഷകത്തിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടേണ്ടതാണ്. |
| 14 | 350300103- Govt And Other Dues Payable- VAT | ഈ കണക്കിലുള്ള 3,196 രൂപ 01.04.2017 മുതൽ മുന്നിരിപ്പ് ആണ്. ഈ തുക സർക്കാരിലേക്ക് അടച്ച് ക്രമീകരിക്കേണ്ടതാണ്. |

| | | |
|---|---|---|
| 15 | 350300109- Govt And Other Dues Payable- Refund Of Unutilised Grants- Prior Period | ഈ ശീർഷകത്തിലുള്ള തുകകൾ ചുവടെ ചേർക്കുന്നു.<br>1. ഇ.എം.എസ് ഭവന പദ്ധതി തുക റീഫണ്ട്- 23.09.2015- 1,36,594 രൂപ<br>2. കാനറാ ബാങ്ക് അക്കൗണ്ട് 3856 ൽ 15.09.2021 ന് വന്ന 14,851 രൂപ (ഉദ്ദേശ്യം രേഖപ്പെടുത്തിയിട്ടില്ല.)<br>മേൽ തുകകൾ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.<br>മേൽ തുകയിൽ നിന്ന് 04.12.2021 ലെ പേമെന്റ് വൗച്ചർ 22100704 പ്രകാരം 9,214 രൂപ ആയുർവേദം മെഡിക്കൽ ഓഫീസർ റീഫണ്ട് ചെയ്ത തുകയുടെ അടവ് എന്ന വിശേഷണത്തോടു കൂടി കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ റീഫണ്ട് ചെയ്ത തുക 350300109 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. |
| 16 | 350300199- Govt And Others Dues Payable- Others- 1,010 | ഇതിൽ 2011 മുതലുള്ള മുന്നിരിപ്പ് ആയി 888 രൂപ കാണിച്ച് വരുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഇല്ല.<br>04.01.2013, 04.03.2013 തിയതികളിലെ ഔട്ട് ഡോർ കളക്ഷൻ എന്ന വിശേഷണത്തോടു കൂടി 16 രൂപ, 31 രൂപ എന്നിവ ഈ കണക്കിൽ ചേർത്തിട്ടുണ്ട്. കാരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>09.11.2020 ലെ മരം വിൽപ്പനയിൽ ശേഖരിച്ച ഫോറസ്റ്റ് വികസന നികുതി 75 രൂപ ഈ കണക്കിൽ നിലനിർത്തിപ്പോരുന്നുണ്ട്. ഈ തുക സർക്കാരിലേക്ക് അടച്ച് ക്രമീകരിക്കേണ്ടതാണ്. |
| 17 | 350400701- Refunds Payable- Deposit Works- Rs. 10,753 | കൊടമന നെക്രാജെ കോടിയാർപ്പ കുടിവെള്ള പദ്ധതികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാക്കി 30.10.2013 ന് ലഭിച്ചതാണ് ഇത്. നാളിതു വരെ ഈ തുക സർക്കാരിലേക്ക് റീഫണ്ട് ചെയ്തിട്ടില്ല. |
| 18 | 350800101- Liability In Respect Of Stale Cheques- Rs.52,775 | കാലഹരണപ്പെട്ട ചെക്കുകളുടെ കണക്കിൽ 10.04.2021 ന് 32,750 രൂപ നീക്കിബാക്കി ഉണ്ട്. ഇതിൽ ഏതൊക്കെ ചെക്കുകളാണ് എന്നും ചെക്കുകളുടെ വിശദാംശങ്ങളും ലെഡ്ജറിൽ നിന്ന് മനസ്സിലാക്കാനാവുന്നില്ല. പിന്നീട് 24.07.2021 ൽ 1,120 രൂപയും 01.08.2021 ൽ 18,905 രൂപയും ഈ കണക്കിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ 31.03.2022 വരെ ഈ ചെക്കുകൾക്ക് പകരം ചെക്കുകൾ നൽകിയതായി കാണുന്നില്ല. |
| 19 | 350800119- Liability For Programme/scheme Expenditure Rs.69,015 | ഈ കണക്കിൽ പെടുത്തിയിട്ടുള്ള തുകകൾ ചുവടെ ചേർക്കുന്നു<br>16.09.2017- വിവരം രേഖപ്പെടുത്തിയിട്ടില്ല- 5,515 രൂപ<br>31.08.2018- OAP- തിരികെ വന്നത് - 6,000 രൂപ<br>19.01.2021- പെൻഷൻ റീഫണ്ട് - 4,500 രൂപ<br>20.04.2021- ALP തിരികെ വന്നത് - 20,100 രൂപ<br>09.07.2021- OAP- തിരികെ വന്നത് - 24,900 രൂപ<br>31.02.2022- പെൻഷൻ - 8,000 രൂപ<br>വിവിധ പെൻഷൻ തുകകൾ കൈപ്പറ്റാതെ തിരികെ വന്നത് DBTസെല്ലിലേക്ക് തിരിച്ചടക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് വളരെ ഗുരുതരമായ വീഴ്ചയാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ്. |
| 20 | 350800199- Other Creditors- Rs. 22,576 | 27.03.2019ന് പെർഡാല സർവീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ RSBY പദ്ധതിയുടെ ഭാഗമായി വന്ന 2,576 രൂപ ഈ കണക്കിൽ ഉണ്ട്. ഈ തുക സംബന്ധിച്ച |

| | | |
|---|---|---|
| | | വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>കാനറാ ബാങ്ക് അക്കൗണ്ട് നം.3856ൽ 25.04.2018ന് വരവ് വന്ന 20,000 രൂപ തിരിച്ചറിയാനാവാത്ത വരവ് എന്ന വിശേഷണത്തോട് കൂടി ഈ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. (റസീറ്റ് വൗച്ചർ 118020900034/31.03.2019).<br>ഇത് ശരിയായ അക്കൗണ്ടിംഗ് രീതിയല്ല. സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലെ വരവുകൾ ഏതു വകയാണെന്ന് കണ്ടെത്തി ശരിയായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യാതെ ബാദ്ധ്യതാ കണക്കുകളിൽ പെടുത്തി വർഷങ്ങളോളം നിലനിർത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. |
| 21 | 350800299- Other Liablities- Rs.1,14,336 | 31.032019 ലെ റസീറ്റ് വൗച്ചർ നം.118020900040 പ്രകാരം കാനറാ ബാങ്ക് അക്കൗണ്ട് നം.3856 ൽ 10.09.2018ന് വരവ് വന്ന 46,850 രൂപ തിരിച്ചറിയാനാവാത്ത വരവ് എന്ന വിശേഷണത്തോട് കൂടി ഈ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.<br>01.03.2022 ലെ റസീറ്റ് വൗച്ചർ നം.121020900113 പ്രകാരം കാനറാ ബാങ്ക് അക്കൗണ്ട് നം.3856 ൽ 09.09.2021ന് വരവ് വന്ന 28,300 രൂപ, 29.09.2021ന് വരവ് വന്ന 11,900 രൂപ, 25.06.2021ന് വരവ് വന്ന 7,700 രൂപ എന്നിവ തിരിച്ചറിയാനാവാത്ത വരവ് എന്ന വിശേഷണത്തോട് കൂടി ഈ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.<br>31.03.2022 ലെ റസീറ്റ് വൗച്ചർ നം.121020900082 പ്രകാരം ട്രഷറി LGTSB അക്കൗണ്ടിൽ 31.03.2022ന് വരവ് വന്ന 6,379 രൂപ തിരിച്ചറിയാനാവാത്ത വരവ് എന്ന വിശേഷണത്തോട് കൂടി ഈ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.<br>31.03.2022 ലെ റസീറ്റ് വൗച്ചർ നം.121020900083 പ്രകാരം ട്രഷറി LGTSB അക്കൗണ്ടിൽ വരവ് വന്ന 13,207 രൂപ (തിയതി ഇല്ല) തിരിച്ചറിയാനാവാത്ത വരവ് എന്ന വിശേഷണത്തോട് കൂടി ഈ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.<br>ഇത് ശരിയായ അക്കൗണ്ടിംഗ് രീതിയല്ല. സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലെ വരവുകൾ ഏതു വകയാണെന്ന് കണ്ടെത്തി ശരിയായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യാതെ ബാദ്ധ്യതാ കണക്കുകളിൽ പെടുത്തി വർഷങ്ങളോളം നിലനിർത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. |

5. ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ കണക്കുകളിലെ അപാകങ്ങൾ, ആസ്തികളുടെ കണക്കുകളിൽ യഥാസമയം ക്രമീകരണങ്ങൾ വരുത്തുന്നതിലെ വീഴ്ചകൾ

| | | |
|---|---|---|
| 1 | 460100199- Other Advances | മഴക്കാല പൂർവ ശുചീകരണത്തിനായി 19 വാർഡുകൾക്കുമായി നൽകിയ 1,90,000 രൂപയുടെ മുൻകൂർ (കാനറാ ബാങ്ക്- 3856, തിയതി- 31.05.2021) നിലവിലും മുൻകൂർ എന്ന കണക്കിൽ തുടരുകയാണ്. തുക വിനിയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള ക്രമീകരണം നടത്തേണ്ടതാണ്. |
| 2 | 460500202- Advance To Implimenting Agencies- KSEB- Rs.16,99,851 | ഈ കണക്കിലേക്ക് 24.02.2022 ലെ ജേണൽ വൗച്ചർ നം. 42100205പ്രകാരം 92,712 രൂപയും ജേണൽ വൗച്ചർ നം. 42100206 പ്രകാരം 1,90,676 രൂപയും മാറ്റിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>ഈ കണക്കിലേക്ക് 26.03.2022 ലെ ജേണൽ വൗച്ചർ നം. 42100207 |

പ്രകാരം 6,81,150 രൂപയും ജേണൽ വൗച്ചർ നം. 42100208 പ്രകാരം 7,19,963 രൂപയും മാറ്റിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-2-6 പ്രധാന രേഖകളിലെ കണക്കുകൾ തമ്മിൽ പൊരുത്തക്കേട്

സുലേഖയിൽ നിന്നുള്ള ചെലവ് റിപ്പോർട്ടും ധനകാര്യ പത്രികയും തമ്മിൽ പൊരുത്തക്കേട്

പ്രോജക്ട് നം. 297/22- ലൈഫ് ഭവന പദ്ധതി (ജനറൽ) പദ്ധതിയിൽ വായ്പയിൽ നിന്നുള്ള ചെലവ് 6,60,000 രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നുള്ള ചെലവ് 12,18,937 രൂപയുമാണ്. (നിർവഹണ ഉദ്യോഗസ്ഥന്റെ രേഖകൾ പ്രകാരം). എന്നാൽ സുലേഖയിൽ നിന്നുള്ള ചെലവ് റിപ്പോർട്ട് പ്രകാരം ഈ പ്രോജക്ടിൽ "മറ്റുള്ളവ" എന്ന കണക്കിൽ 23,18,937 രൂപ ചെലവായതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

CFC ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖയിൽ നിന്നുള്ള ചെലവ് റിപ്പോർട്ട്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നീ രേഖകളിൽ രേഖപ്പെടുത്തിയിട്ടില്ല.

CFC ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് ഓഫ് ബറോഡയിലെ അക്കൗണ്ട് നമ്പർ 2322 ൽ നിന്നും ചെക്ക് നം. XVFC202122P10 പ്രകാരം 30,000 രൂപ പ്രോജക്ട് നം.19- പമ്പ് സെറ്റ് എന്ന പ്രോജക്ടിന് വേണ്ടി ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖയിൽ നിന്നുള്ള ചെലവ് റിപ്പോർട്ട് പ്രകാരം ഈ പ്രോജക്ടിന് CFC ഫണ്ട് 30,000 രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവ് ചെയ്തിട്ടില്ല. CFC ബേസിക് ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ഈ പ്രോജക്ടിന് CFCഫണ്ട് ചെലവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ക്യാഷ് ബുക്കിലും ധനകാര്യ പത്രികയിലും വ്യത്യസ്തം

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരം വരവ് ചെലവ് കണക്കുകൾ ചുവടെ ചേർത്ത പ്രകാരമാണ്.

| | ക്യാഷ് ബുക്ക് പ്രകാരം | ധനകാര്യ പത്രികയിലെ കണക്ക് |
|---|---|---|
| മുന്നിരിപ്പ് | 21,410 | 21,410 |
| വരവ് | 13,18,480 (പലിശയടക്കം) | 13,18,445 |
| ആകെ | 13,39,890 | 13,39,855 |
| ചെലവ് | 13,39,890 | 13,39,855 |
| നീക്കിയിരിപ്പ് | ഇല്ല | ഇല്ല |

1-2-7 അക്കൗണ്ട്സ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുന്നില്ല

ജേണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .

ജേണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനമില്ല .

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുകകൾ മാത്രമേ അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ആം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടു കൂടി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 69,88,845/- |
| വരവ് | 15,36,19,386/- |
| ആകെ | 16,06,08,231/- |
| ചെലവ് | 13,57,29,155/- |
| നീക്കിയിരിപ്പ് | 2,48,79,076/- |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ) (2021-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,65,00,885 | 1,65,00,885 | 1,64,71,000 | 29,885 | 99.81 |
| വികസനഫണ്ട് എസ്.സി.പി. | 0 | 75,82,576 | 75,82,576 | 75,34,305 | 3,48,271 | 95.40 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 62,67,982 | 62,67,982 | 59,08,000 | 3,59,982 | 94.25 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,76,27,259 | 1,76,27,259 | 1,14,05,939 | 62,21,320 | 64.70 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,11,13,342 | 1,11,13,342 | 27,71,474 | 83,41,868 | 24.93 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് -ട്രഷറി | 0 | 79,66,155 | 79,66,155 | 34,88,118 | 4,47,80,37 | 43.78 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് - ബാങ്ക് | 0 | 41,16,000 | 41,16,000 | 21,67,482 | 19,48,518 | 52.65 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | 0 | 1,37,49,584 | 1,37,49,584 | 22,11,673 | 1,15,37,911 | 16.08 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 61,74,000 | 61,74,000 | 0 | 61,74,000 | 0 |

| ബാങ്ക് | | | | | | |
|---|---|---|---|---|---|---|

കുറിപ്പ് :വികസന ഫണ്ട് ജനറലിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 56,33,000 രൂപ, വികസന ഫണ്ട് എസ്.സി.എസ്.പി യിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 4,54,667 രൂപ, വികസന ഫണ്ട് ടി.എസ്.പി യിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 2,64,000 രൂപ എന്നീ തുകകൾ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

ബി)ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,64,71,000 | 1,64,71,000 | 1,64,71,000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7,84,305 | 7,84,305 | 7,84,305 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 59,08,000 | 59,08,000 | 59,08,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,14,05,939 | 1,14,05,939 | 1,14,05,939 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 27,71,474 | 27,71,474 | 27,71,474 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 79,66,155 | 79,66,155 | 34,88,118 | 44,78,037 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ബാങ്ക് | 0 | 41,89,285 | 41,89,285 | 21,66,357 | 20,22,928 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ട്രഷറി | 0 | 1,37,49,584 | 1,37,49,584 | 22,11,673 | 1,15,37,911 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ബാങ്ക് | 0 | 61,74,000 | 61,74,000 | 0 | 61,74,000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് - പലിശ | 0 | 1,25,436 | 1,25,436 | 0 | 1,25,436 |
| ബിഫണ്ട് | | | | | |
| വിവാഹ ധനസഹായം | 0 | 2,40,000 | 2,40,000 | 2,40,000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത് ) | 17,75,000 | 53,25,000 | 71,00,000 | 53,25,000 | 17,75,000 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 0 | 4,74,995 | 4,74,995 | 4,74,995 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 21,410 | 13,18,445 | 13,39,855 | 13,39,855 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 33,57,246 | 15,86,263 | 49,43,509 | 10,00,000 | 39,43,509 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ശുചിത്വ മിഷൻ | 0 | 52,764 | 52,764 | 52,764 | 0 |
| ലൈഫ് പദ്ധതി -വായ്പ | 0 | 5,00,000 | 5,00,000 | 5,00,000 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 0 | 0 | 0 | 0 |

കുറിപ്പ് :

1. മേൽ പട്ടികയിലെ വരവു ചെലവുകൾ കൂടാതെ, 3,53,65,882 രൂപ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
2. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനങ്ങളിലായി 8,01,41,400 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 293 | 164688186 | 181 | 82573914 | 106 | 6 | 61.77 |

ബി) നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 42 | 15455137 | 28 | 9294403 | 60.14 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 18 | 6181721 | 10 | 2852239 | 46.14 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 172 | 58281620 | 92 | 28103347 | 48.22 |
| 4 | കൃഷി ഓഫീസർ | 14 | 10436490 | 14 | 5738627 | 54.99 |
| 5 | വെറ്റിനറി സർജ്ജൻ | 6 | 5444400 | 6 | 4981680 | 91.50 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 11 | 47515455 | 8 | 16569474 | 34.87 |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 0 | 0 | 0 | 0 | 0 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 10828001 | 5 | 7837189 | 72.438 |
| 8 | പ്രധാനധ്യാപകൻ | 8 | 3588500 | 7 | 3486612 | 97.16 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 500000 | 2 | 500000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 3 | 1907866 | 3 | 1605146 | 84.13 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 30000 | 1 | 28763 | 95.88 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1029996 | 2 | 1029996 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 3489000 | 3 | 546438 | 15.66 |
| | ആകെ | 293 | 164988186 | 181 | 82573914 | 50.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 21,410 | 13,18,445 | 13,39,855 | 13,39,855 | 0 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 3,53,65,882 | 3,53,65,882 | 3,53,65,882 | 0 |
| ആകെ | 21,410 | 3,66,84,327 | 3,67,05,737 | 3,67,05,737 | 0 |

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷൻ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 25,24,000 | 160 |

| | | |
|---|---|---|
| വിധവാപെൻഷൻ | 2,84,12,000 | 1595 |
| വാർദ്ധക്യകാലപെൻഷൻ | 4,09,52,600 | 2620 |
| വികലാംഗപെൻഷൻ | 72,24,000 | 441 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 7,88,800 | 50 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 8 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-01-2023 തീയതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 7892/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

2) ഓഫീസ് മീറ്റിങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2021-22 സാമ്പത്തിക വർഷം, 28-7-2021, 9-8-2021, 13-9-2021, 6-10-2021, 1-11-2021, 3-12-2021, 15-12-2021, 31-1-2022, 30-3-2022 എന്നീ തീയതികളിൽ ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങിന് നിധേയമാക്കേണ്ടതുമാണ്.

3) ഭരണ സംവിധാനം

ഓഡിറ്റ് വർഷം ഭരണ സമിതി 41 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം-(15 യോഗങ്ങൾ), ക്ഷേമം-(18 യോഗങ്ങൾ) , ആരോഗ്യ വിദ്യാഭ്യസം-(14 യോഗങ്ങൾ) , ധനകാര്യം-(19 യോഗങ്ങൾ) , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

4) ഓഡിറ്റ് മോണിറ്ററിംഗ് സമിതി ആകെ 3 തവണ (8.12.2021, 16-2-2022, 29-3-222) ഓഡിറ്റ് വർഷം യോഗം ചേർന്നിട്ടുണ്ട്.

5) കുടിശ്ശിക ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടികൾ പരിശോധിച്ച് 5 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ തീർപ്പുകൽപ്പിക്കുവനുള്ള പരാമർശങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

6) പ്രൊക്യൂർമെന്റ് കമ്മിറ്റി ഒരു തവണ മാത്രമേ ചേർന്നിട്ടുള്ളു (26-8-2021). ഗ്രാമ പഞ്ചായത്തിലെ വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ സക്രിയമാക്കേണ്ടതാണ്.

7) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

8) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിംഗ് പ്രക്രിയ കാലികമായും സമയ ബന്ധിതമായും നടത്താത്തതിന്റെ പ്രശ്നങ്ങൾ പഞ്ചായത്തിൽ നില നിൽക്കുന്നുണ്ട്. ഇത് സംബന്ധിച്ച നിരീക്ഷണങ്ങൾ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-2 ൽ ചേർത്തിട്ടുള്ളത് ശ്രദ്ധിക്കുക.

9) ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ,എന്നിവ ശരി സൂക്ഷിക്കുന്നുണ്ട്.ഡെപ്പോസിറ്റ് രജിസ്റ്റർ അബ്സ്ട്രാക്ട് രേഖപ്പെടുത്തിട്ടില്ല.

10) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി

ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ), 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2021-22 കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | പി മുഹമ്മദ് കുഞ്ഞി | 104 | 14/695 | ബദ്രിയ ട്രേഡേഴ്സ് | 3 |
| 2 | നരേന്ദ്ര ബി എൻ | 137 | 12/851, 861 | ശ്രീ ഭഗവതി ടെക്സ്റ്റൈൽസ് | 3 |
| 3 | മൊയ്ദീൻ കുഞ്ഞി | 151 | 14/272, 273, 274, 276 | യൂണിറ്റി മസ്കാൻ | 4 |
| 4 | അബ്ദുൾ ഹമീദ് | 153 | 14/767A | രാജധാനി ഗോൾഡ് | 3 |
| 5 | രവി | 174 | 12/423D | നവശക്തി | 3 |
| 6 | പുഷ്പലത | 175 | 12/622 | നവശക്തി ടയർ വർക്ക്സ് | 6 |
| 7 | ഖൈറുന്നിസ | 344 | 12/564 | ബദ്രിയത്ത് വുഡ് ഇൻഡസ്ട്രീസ് | 8 |
| 8 | മുഹമ്മദ് റിയാസ് | 385 | 12/794, 795 | ചില്ലീസ് ഹൈപ്പർ മാർക്കറ്റ് | 3 |
| 9 | ഡോ. മൊയ്ദീൻ കുഞ്ഞി കെ | 529 | 12/1116, 1117, 1118 | ദിയ ലൈഫ് മെഡിക്കൽ സെന്റർ | 4 |
| 10 | ഡോ. മുഹമ്മദ് സഹീർ | 533 | 12/639 | ഡോക്ടേഴ്സ് മെഡിക്കൽ സെന്റർ | 10 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 തീയ്യതി 12.01.2023 ന ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി -അപാകതകൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചില അപാകതകൾ കാണുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | സൗത്ത് ഇന്ത്യൻ ബാങ്ക്, സീതാംഗോളി ബ്രാഞ്ച് | 2021-22 രണ്ടാം അർദ്ധ വർഷം |
| 2 | മിനാർ ഫ്യുവൽസ്, ബദിയഡ്ക്ക | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ജിയോ പോയിന്റ്, ബദിയഡ്ക്ക | 2021-22 ഒന്നാം അർദ്ധ വർഷം |
| 2 | ഹോളി ഫാമിലി കോൺവെന്റ് പബ്ലിക്ക് സ്കൂൾ, ബദിയഡ്ക്ക | 2021-22 ഒന്നാം അർദ്ധ വർഷം |
| 3 | മിനാർ ഫ്യുവൽസ്, ബദിയഡ്ക്ക | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | ഗ്ലോബൽ പബ്ലിക്ക് സ്കൂൾ | 2021-22 ഒന്നാം അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | ലീന ക്രാസ്റ്റ, അറ്റന്റന്റ് | കാറ്റിൽ ഫാം, ബദിയഡ്ക്ക | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |

| | | | |
|---|---|---|---|
| 2 | ഉഷ ടി, അറ്റന്റർ | ഗവ. ആയുർവ്വേദ ഡിസ്പെൻസറി, ബേള | 2021-22 രണ്ടാം അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരനിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചില ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ തുക കുറവു വന്നതിനാൽ ഗ്രാമ പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (ii) എ (I) വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ജഗന്നാദ റായ്, ബദിയഡ്ക്ക, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | അരുൺ കുമാർ, കേരള ഹൗസ്, നീർച്ചാൽ, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | നവീന ബി, ബേള, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.20 തീയ്യതി 13.01.2023)

1-12 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി

2021-22 വർഷം മരണം രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുകയുണ്ടായി. 2021-22 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ.ഉ (എം.എസ്) 483/17 /ധന/06-11-17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിങ്ങ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് ചുവടെ ചേർത്ത പ്രകാരം തുടർന്നും പെൻഷൻ തുക നല്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| 1. | പി രാഘവൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 111870201320 | 09-02-2021 | 3/2021 | 1500*1=1500 |
| | | | | | 4/2021 | 1600*20=32000 |
| | | | | | 5/2021 | |
| | | | | | 6/2021 | |
| | | | | | 7/2021 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 8/2021 | |
| | | | | | 9/2021 | |
| | | | | | 10/2021 | |
| | | | | | 11/2021 | |
| | | | | | 12/2021 | |
| | | | | | 1/2022 | |
| | | | | | 2/2022 | |
| | | | | | 3/2022 | |
| | | | | | 4/2022 | |
| | | | | | 5/2022 | |
| | | | | | 6/2022 | |
| | | | | | 7/2022 | |
| | | | | | 8/2022 | |
| | | | | | 9/2022 | |
| | | | | | 10/2022 | |
| | | | | | 11/2022 | |
| 2. | കുഞ്ഞിക്കണ്ണ | കർഷക തൊഴിലാളി പെൻഷൻ | 111870100412 | 20-04-2021 | 05/2021 | 1600*12=19200 |
| | | | | | 06/2021 | |
| | | | | | 7/2021 | |
| | | | | | 8/2021 | |
| | | | | | 9/2021 | |
| | | | | | 10/2021 | |
| | | | | | 11/2021 | |
| | | | | | 12/2021 | |
| | | | | | 1/2022 | |
| | | | | | 2/2022 | |
| | | | | | 3/2022 | |
| | | | | | 4/2022 | |
| 3. | പൂട്ട | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 111870201295 | 31-01-2021 | 02/2021 | 1500*2=3000 |
| | | | | | 3/2021 | |
| | | | | | 4/2021 | 1600*20=32000 |
| | | | | | 5/2021 | |
| | | | | | 6/2021 | |
| | | | | | 7/2021 | |
| | | | | | 8/2021 | |
| | | | | | 9/2021 | |
| | | | | | 10/2021 | |
| | | | | | 11/2021 | |
| | | | | | 12/2021 | |
| | | | | | 1/2022 | |
| | | | | | 2/2022 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 3/2022 | |
| | | | | | 4/2022 | |
| | | | | | 5/2022 | |
| | | | | | 6/2022 | |
| | | | | | 7/2022 | |
| | | | | | 8/2022 | |
| | | | | | 9/2022 | |
| | | | | | 10/2022 | |
| | | | | | 11/2022 | |
| 4. | കൊറപ്പാള്ള | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 111870200264 | 30-04-2021 | 5/2021 | |
| | | | | | 6/2021 | |
| | | | | | 7/2021 | |
| | | | | | 8/2021 | |
| | | | | | 9/2021 | |
| | | | | | 10/2021 | |
| | | | | | 11/2021 | |
| | | | | | 12/2021 | |
| | | | | | 1/2022 | 1600*19=30400 |
| | | | | | 2/2022 | |
| | | | | | 3/2022 | |
| | | | | | 4/2022 | |
| | | | | | 5/2022 | |
| | | | | | 6/2022 | |
| | | | | | 7/2022 | |
| | | | | | 8/2022 | |
| | | | | | 9/2022 | |
| | | | | | 10/2022 | |
| | | | | | 11/2022 | |
| ആകെ | | | | | 1,18,100 | |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 1,18,100/-രൂപ തിരികെ ഈടാക്കി ഡിബിടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.13/21-22 തീയതി 23-12-2022 ന് സമർപ്പിച്ച മറുപടിയിൽ തുക ഡിബിടി സെല്ലിലേക്ക് തിരിച്ചടക്കാൻ ബാങ്കുകളിലേക്ക് കത്തയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.)

1-13 വസ്തു നികുതി കടിശ്ശിക ഈടാക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 (Sundry Debtors (Receivable)) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കടിശ്ശികയിനത്തിൽ ഇനത്തിൽ 14,83,901/- രൂപ പരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

2021-22 വർഷംവരെ 9,000/- രൂപയിലധികം വസ്തുനികുതി കടിശ്ശിക വരുത്തിയ കെട്ടിട ഉടമകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | 31.3.2021-വരെ കടിശിക തുക |
|---|---|---|---|

| | | | |
|---|---|---|---|
| 2 | 336 | തഹസിൽദാർ, കാസറഗോഡ് | 12720 |
| 3 | 244A | മൈനബി (കണ്ടിക്കാന,9446985905 (മൊബൈൽ)) | 9353 |
| 3 | 358 A2 | ശിവരാമൻ (കുണ്ടടുക്കത്ത് വളപ്പിൽ, കന്യപ്പാടി, നീർച്ചാൽ പി ഒ,671321) | 11070 |
| 3 | 429 | ശിവരാമൻ (കുണ്ടടുക്കത്ത് വളപ്പിൽ, കന്യപ്പാടി, നീർച്ചാൽ പി ഒ,671321) | 9072 |
| 3 | 448 | മധു നമ്പ്യാർ (9946469339 (മൊബൈൽ)) | 9783 |
| 5 | 157 D | തോമസ്(അരയാനിക്കൽ ഹൗസ്, ഉക്കിനടുക്ക പി.ഒ) | 11655 |
| 10 | 125B | യു ഐ ടി എൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്(പ്രഭ ടവർ, ചെന്നൈ സിൽക്ക്സ്, എം ജി റോഡ്, എറണാകുളം നോർത്ത്) | 101228 |
| 11 | 106A | ഹാജിറ (ചർളഡുക്ക ഹൌസ്, ഉള്ളോടി പി ഒ,671321) | 9544 |
| 11 | 106H | എം എസ് അസെൻഡ് ടെലികോം ഇൻഫ്രസ്ട്രക്ചർ പ്രൈ. ലിമിറ്റഡ് (32/ഡിസലാമിയ ബിൽഡിംഗ്, അയിഷ റോഡ് വൈറ്റില,കൊച്ചി പി ഒ, 682019) | 110856 |
| 11 | 276B | അബ്ദുൽ കാദർ | 18937 |
| 13 | 17 | ഈശ്വര നായക്ക് | 10200 |
| 16 | 164C | എഎം അബ്ദുൾ ഹമീദ് (9895042331 (മൊബൈൽ)), എൻ എ അസ്മ | 8118 |
| 16 | 403, 404 | അബ്ദുൽ റഹിമാൻ ഹാജി ഇ കെ (പൌവ്വൽ, മസ്ഥിക്കുണ്ട്) | 9534 |
| 16 | 405 | എം മുഹമ്മദ് (പെരുമ്പ പയ്യന്നൂർ, കണ്ണൂർ, 9400302821(മൊബൈൽ)) | 37332 |
| 16 | 448A | ഗോപാലകൃഷ്ണ കെ എൻ | 9360 |
| 16 | 597A, B, C | എം മുഹമ്മദ് | 9954 |
| 17 | 401 | തസിൽദാർ കാസറഗോഡ് | 14388 |
| 17 | 413 | ഡിസ്ട്രിക്ട് അഗ്രികൾച്ചർ ഓഫീസർ കാസറഗോഡ് | 12714 |
| 17 | 528 To 534 | എം മഞ്ചുനത ഷെട്ടി | 9552 |
| 17 | 564A | ഇന്ത്യ ടെലികോം ഇൻഫ്ര ലിമിറ്റഡ് ടവർ കൊച്ചിൻ | 71670 |
| 19 | 164 A | കെ ഗിരിജ (സീതാംഗോളി) | 8589 |
| 19 | 382 H To U | 1.മുഹമ്മദ് 2.അബ്ദുൽ റഹിമാൻ. ബി 3. ഷാഫി.പി Sons Of പള്ളിക്കുഞ്ഞി (നാരംപാടി ഹൗസ്, നാരംപാടി, Movvar പി ഒ, 671543, 9446839298(മൊബൈൽ)) | 19641 |

കുടിശ്ശികയുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഇത് സംബന്ധിച്ച പുരോഗതി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചില മൊബൈൽ ടവർ ഉടമകളിൽ നിന്നും വിവിധ വർഷങ്ങളിലെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $M^2$) | വസ്തുനികുതി അടവാക്കേണ്ടുന്ന കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | എസ്സ് ആർ ടെലികോം ഇൻഫ്രാ | 5/88 | 12 $M^2$ | 2018-19 ഒന്നാം അർദ്ധ വർഷം | 5050x4 = 20160/- |

| | | | | | |
|---|---|---|---|---|---|
| | സ്ട്രക്ച്ചർ പ്രൈ. ലിമിറ്റഡ് | | | മുതൽ 2021-22 രണ്ടാം അർദ്ധ വർഷം വരെ | |
| 2 | അസെന്റ് ടെലികോം ഇൻഫ്രാ സ്ട്രക്ച്ചർ പ്രൈ. ലിമിറ്റഡ് | 11/106H | 43.99 $M^2$ | 2018-19 ഒന്നാം അർദ്ധ വർഷം മുതൽ 2021-22 രണ്ടാം അർദ്ധ വർഷം വരെ | 27714x4 = 110856/- |
| 3 | ഇന്ത്യ ടെലികോം ഇൻഫ്ര ടവർ | 17/564A | 12 $M^2$ | 2010-11 ഒന്നാം അർദ്ധ വർഷം മുതൽ 2012-13 രണ്ടാം അർദ്ധ വർഷം വരെ | 4990x3 = 14970/- |
| | | | | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ 2021-22 രണ്ടാം അർദ്ധ വർഷം വരെ | 6300x9 = 56700/- |
| 4 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 17/123B | 12 $M^2$ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം | 5040/- |

മേൽ പരാമർശിച്ച മൊബൈൽ ടവർ ഉടമകളിൽ നിന്നും വസ്തു നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18 തീയ്യതി 12.01.2023)

## 1-15 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|

| | | |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെയുള്ള കെട്ടിടം. | 30 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന് മുകളിലുള്ള കെട്ടിടം. | 50 |

എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി (വിസ്തീർണ്ണം X30) | സഞ്ചയ പ്രകാരമുള്ള ഇളവ്/ വർദ്ധന | സഞ്ചയ പ്രകാരമുള്ള ഡിമാന്റ് (LC ഉൾപ്പെടെ) | യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ടി യിരുന്നത് (LC ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|---|---|
| നിതിൻ ഷേണോയ് S/o നിത്യാനന്ദ ഷേണോയ്, ലക്ഷ്മി ജനാർദ്ദന ഹൗസ്, ബദിയഡ്ക്ക | 12/970 A | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 B | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 C | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 D | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 E | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 F | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 G | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 H | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 I | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 J | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 K | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 L | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| | 12/970 | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | M | | | | | | |
| | 12/970 N | 15 M2 | 450/- | 10% ഇളവ് | 426/- | 709/- | 283/- |
| ആകെ | | | | | 5964/- | 9926/- | 3962/- |

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി നിർണ്ണയിച്ച തിയ്യതി മുതലുള്ള കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.03 തീയ്യതി 12.01.2023)

1-16 വസ്തു നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തറ നിർമ്മിതി, സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് എന്നിവ പരിഗണിച്ചില്ല-അപാകത

| | |
|---|---|
| ഫയൽ നമ്പർ | SC3/8395/19 |
| കെട്ടിട ഉടമയുടെ പേര്, വിശദാംശങ്ങൾ | സി എ അഹമ്മദ് ഹാജി & സി എച്ച് അബ്ദുള്ള-അലയൻസ് കൺവെൻഷൻ സെന്റർ |
| കെട്ടിട ഗണം | ഗ്രൂപ്പ് ഡി |
| കെട്ടിട നമ്പർ | 19/610E |
| പ്ലോട്ടിന്റെ വിശദാംശങ്ങൾ | റീ സർവ്വേ നം. 214/3BPT, 214/3CPT<br>വിസ്തീർണ്ണം-1.60 Acre |

സി എ അഹമ്മദ് ഹാജി & സി എച്ച് അബ്ദുള്ള എന്നിവരുടെ ഉടമസ്ഥതയിൽ സീതാംഗോളി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 19/610E കെട്ടിട നമ്പറിലുള്ള അലയൻസ് കൺവെൻഷൻ സെന്റർ എന്ന കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിന്റെ തറ നിർമ്മിതി , സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് എന്നിവ പരിഗണിക്കാത്തതിനാൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ഇനി പറയുന്നു.

സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തറ നിർമ്മിതിയായി രേഖപ്പെടുത്തിയിട്ടുള്ളത് സാധാരണ തറ എന്നാണ്. സാധാരണ തറ ആയതിനാൽ അടിസ്ഥാന വസ്തു നികുതിയിൽ ഇളവോ വർദ്ധനവോ ആവശ്യമില്ല. എന്നാൽ 16.01.2023 തീയ്യതി നടത്തിയ സ്ഥല പരിശോധനയിൽ തറ നിർമ്മിതിക്കായി മാർബിൾ/ഗ്രാനൈറ്റ് ആണ് ഉപയോഗിച്ചതെന്നും കെട്ടിടത്തിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്നും കാണുകയുണ്ടായി. ഫ്ലോറിംഗിനായി മാർബിൾ/ഗ്രാനൈറ്റ് ഉപയോഗിച്ചതും സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തിയതും വസ്തു നികുതി നിർണ്ണയിച്ചപ്പോൾ പരിഗണിച്ചിരുന്നില്ല.

സഞ്ചയ പ്രകാരം വസ്തു നികുതി നിർണ്ണയിച്ചത് ചുവടെ പറയും പ്രകാരമാണ്.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി (വിസ്തീർണ്ണം X30) | സഞ്ചയ പ്രകാരമുള്ള ഇളവ്/വർദ്ധന | സഞ്ചയ പ്രകാരമുള്ള ഡിമാന്റ് (LC ഉൾപ്പെടെ) |
|---|---|---|---|---|
| 19/610E | 4201.54 | 126046.20 | മേഖല -10% ഇളവ്<br>വഴി സൗകര്യം-20% | 1,45,584/- |

| | | |
|---|---|---|
| | വർദ്ധനവ് | |

തറ നിർമ്മിതി (15% വർദ്ധനവ്), സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് (15% വർദ്ധനവ്) എന്നിവ കൂടി പരിഗണിച്ച് യഥാർത്ഥത്തിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് ഇനി പറയും പ്രകാരമാണ്.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി (വിസ്തീർണ്ണം X30) | ഇളവ്/വർദ്ധന | ഡിമാന്റ് ചെയ്യേണ്ടിയിരുന്ന തുക (LC ഉൾപ്പെടെ) |
|---|---|---|---|---|
| 19/610E | 4201.54 | 126046.20 | മേഖല -10% ഇളവ്<br>വഴി സൗകര്യം-20% വർദ്ധനവ്<br>തറ നിർമ്മിതി-15 % വർദ്ധനവ്<br>സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ്-15% വർദ്ധനവ് | 1,85,288/- |

വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും നികുതി നിലവിൽ വന്ന തിയ്യതി മുതലുള്ള കുറവ് വന്ന തുക കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.27 തീയ്യതി 16.01.2023)

1-17 റഗുലറൈസേഷൻ ഫീസ് -കുറഞ്ഞ തുക ഈടാക്കിയതും മറ്റ് അപാകതകളും

| | |
|---|---|
| ഫയൽ നമ്പർ | SC3/4637 |
| അപേക്ഷകയുടെ പേര്, വിലാസം | കെ എ ഫസൽ, S/o അബ്ബാസ്, കൊട്ട ഹൗസ്, അരിയപ്പാടി |
| പ്ലോട്ടിന്റെ വിശദാംശങ്ങൾ | റീ സർവ്വേ നമ്പർ- 1501/7<br>വിസ്തീർണ്ണം-4.86 ആർ (12 സെന്റ്) |
| കെട്ടിട ഗണം | റെസിഡൻഷ്യൽ കം കൊമേഷ്യൽ (A2/F) |
| കെട്ടിട നമ്പർ | IX 307 B1 മുതൽ IX 307 B11 വരെ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 651.24m2 (നിർമ്മിത വിസ്തീർണ്ണം) |

| | |
|---|---|
| | 362.75m2 (തറ വിസ്തീർണ്ണം) |
| രസീതി നം, തുക | 121040101452, തിയ്യതി 30.07.2021, തുക 8873/- |

ഫയൽ നമ്പർ SC3/4637 പ്രകാരം കെ എ ഫസൽ എന്നയാൾ ബദിയഡ്ക്ക വില്ലേജിൽ ബദിയഡ്ക്ക ജംഗ്ഷന സമീപം 1501/7 റീ സർവ്വേ നമ്പറിലുള്ള 12 സെന്റ് സ്ഥലത്ത് 651.24 M2 വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കം കൊമേഷ്യൽ (ഗ്രൂപ്പ് എ2/എഫ്) കെട്ടിടം ക്രമ വൽക്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

പ്രസ്തുത ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29(3), പട്ടിക 10 പ്രകാരം എ2, എഫ് ഗണത്തിൽപ്പെട്ട 1260 M2 വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഓരോ 90 M2 തറ വിസ്തീർണ്ണത്തിനും ഒരു കാർ പാർക്ക് ചെയ്യാനുള്ള സ്ഥലം (5.5 X 2.7 =14.85 M2) എന്ന കണക്കിൽ പാർക്കിംഗ് സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്.

ആയതു പ്രകാരം (362.75/90)=4.03, റൗണ്ട് ചെയ്താൽ 5 എണ്ണം കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്.

കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം കാർ പാർക്കിംഗിനുള്ള സൗകര്യം ബേസ്മെന്റ് ഫ്ലോറിൽ ഒരുക്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബേസ്മെന്റ് ഫ്ലോറിൽ 4 കാർ പാർക്കിംഗ് മാർക്ക് ചെയ്തിട്ടുണ്ടെങ്കിലും ഡ്രൈവ് വേ ലഭ്യമല്ല. കൂടാതെ ബേസ്മെന്റ് ഫ്ലോറിൽ മുഴുവനായും മാർബിൾ വിരിച്ചതായി സ്ഥലപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഇപ്രകാരം പാർക്കിംഗിനുവേണ്ടി നീക്കിവച്ചതായി രേഖപ്പെടുത്തിയ സ്ഥലം സ്ഥലം ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത കാണുന്നു. ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ആയത് പാലിക്കുന്നുവെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

2) ടി കെട്ടിടത്തിന്റെ ക്രമ വൽക്കരണ ഫീസ് ഈടാക്കിയതിൽ ഗ്രാമ പഞ്ചായത്തിന് 4152/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം. 26 തീയ്യതി 16.01.2023)

1-18 ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പ് വരുത്താതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചു.

| | |
|---|---|
| ഫയൽ നമ്പർ | SC3-8797 |
| അപേക്ഷകയുടെ പേര്, വിലാസം | റിഫായി അബ്ദുള്ള ബ്യാരി, S/o അബ്ദുള്ള ഹാജി, ദാരുൾ അമാൻ, മാഡത്തഡ്ക്ക |
| പ്ലോട്ടിന്റെ വിശദാംശങ്ങൾ | റീ സർവ്വേ നമ്പർ- 40/3pt4<br>പ്ലോട്ട് വിസ്തീർണ്ണം-405m2 (10സെന്റ്) |
| കെട്ടിട ഗണം | കൊമേഷ്യൽ (F) |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 379.20 M2 (നിർമ്മിത വിസ്തീർണ്ണം)<br>337.11 M2 (തറ വിസ്തീർണ്ണം) |
| പെർമ്മിറ്റ് നം. | Sc3-8797 തിയ്യതി 10.11.2021 |
| രസീത് നം, തിയ്യതി | 121040106330, 20.01.2022 |

ഫയൽ നമ്പർ SC3-8797പ്രകാരം റിഫായി അബ്ദുള്ള ബ്യാരി എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ സീതാംഗോളി എന്ന സ്ഥലത്ത് സീതാംഗോളി ജംഗ്ഷന സമീപമായി 40/3pt4 റീ സർവ്വേ നമ്പറിലുള്ള 10സെന്റ് സ്ഥലത്ത് 379.20 M2 വിസ്തീർണ്ണമുള്ള വാണിജ്യ ഗണത്തിൽ ഉൾപ്പെട്ട (ഗ്രൂപ്പ് എഫ്) കെട്ടിടത്തിനു നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിംഗ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള കാർ പാർക്കിംഗ്, ടൂവീലർ പാർക്കിംഗ് സൗകര്യങ്ങളിൽ ചില അപാകതകൾ കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ഇനി പറയുന്നു.

1) 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29(3), പട്ടിക 10 പ്രകാരം വാണിജ്യ (ഗ്രൂപ്പ് എഫ്) ഗണത്തിൽപ്പെട്ട 1260 M2 വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഓരോ 90 M2 തറ വിസ്തീർണ്ണത്തിനും ഒരു കാർ പാർക്ക്

ചെയ്യാനുള്ള സ്ഥലം (5.5 X 2.7 =14.85 M2) എന്ന കണക്കിൽ പാർക്കിംഗ് സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്.

ആയതു പ്രകാരം 337.11/90=3.74, റൗണ്ട് ചെയ്താൽ 4 എണ്ണം കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച പാർക്കിംഗ് പ്ലാനിൽ 4 കാറുകൾക്കൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം കെട്ടിടത്തിന് അകത്തായി രേഖപ്പെടുത്തിയിട്ടുണ്ട് (പാർക്കിംഗ് പ്ലാൻ ചുവടെ).




ഇപ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ ഷോപ്പുകൾ ഇടവിട്ടാണ് പാർക്കിംഗ് സ്ഥലം ഒരുക്കിയതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകരിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് 11.01.2023 തിയ്യതിയിലെ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പാർക്കിംഗിനായി നീക്കിവച്ചതായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം ഭാവിയിൽ ഇവ കടമുറിയാക്കി പരിവർത്തനം ചെയ്യാനുള്ള സാധ്യത കാണുന്നു.

2) ചട്ടം 29(4) പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിനാവശ്യമായ സൗകര്യത്തോട് കൂടിയായിരിക്കണം ഓരോ തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും ഇടനാഴിയും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമല്ല.

കൂടാതെ ഡ്രൈവ് വേ യിൽ കുഴൽ കിണർ ഉള്ളതായി കാണുന്നു. ആയതിനാൽ ഡ്രൈവ് വേ ലഭ്യമല്ല.

3)ചട്ടം 29(5) പ്രകാരം ഇരുചക്ര വാഹനങ്ങൾക്കായി കാർ പാർക്കിംഗിനുള്ള സ്ഥലത്തിന്റെ 25% ലഭ്യമാക്കേണ്ടതുണ്ട്. ആയത് പ്രകാരം 4x14.85x25/100= 14.85m2 ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിനായി ഒരുക്കേണ്ടതുണ്ട്. ഉടമ സമർപ്പിച്ച പ്ലാനിൽ

പ്രസ്തുത പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പര്യാപ്തമല്ല.

ഇപ്രകാരം ചട്ടങ്ങൾ പാലിക്കാതെ കെട്ടിടനിർമ്മാണ പെർമ്മിറ്റ് അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ പ്രഥമ മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 26 തീയ്യതി 16.01.2023)

1-19 വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല-നിർവഹണ ഉദ്യോഗസ്ഥൻ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ 169/22-വീട് വാസയോഗ്യമാക്കൽ(SCP) Unit Cost- ₹1,00,000/)-

പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി ആദ്യ ഗഡുവായി ₹-50,000/-രൂപ താഴെപറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ആദ്യ ഗഡു കൈപ്പറ്റിയിട്ടും 2 ഗുണഭോക്താക്കളും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. പ്രസ്തുത ഗുണഭോക്താക്കൾ ആദ്യഗഡു തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്. ( ഓഡിറ്റ് എൻക്വയറി 7/12.01.2023)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാലൻസ് തുക |
|---|---|---|---|
| 1 | ഭാഗി, W/O ചന്ദ്രു | 50,000 | 50,000 |
| 2 | മഞ്ജപ്പ, S/O മദര | 50,000 | 50,000 |

1-20 ഓണം ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചുപിടിക്കാത്തത് -അപാകത

വൗച്ചർ നം.22100403/18.8.2021 – 90,000/-രൂപ

ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് സർക്കാർ ഉത്തരവ് നം.ജി.ഒ(ആർ.ടി)116/21/തിയ്യതി-13.8.2021 പ്രകാരം ഓണം ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരം 6 ജീവനക്കാർക്ക് ആകെ 90,000/-രൂപയാണ് അനുവദിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | അഡ്വാൻസ് അനുവദിച്ച തുക |
|---|---|---|---|
| 1 | രാമചന്ദ്രൻ.കെ | ഹെഡ് ക്ലാർക്ക് | 15000.00 |
| 2 | റഷീദ.കെ.എ | സീനിയർ ക്ലാർക്ക് | 15000.00 |
| 3 | വിശാഖൻ.പി.വി | ഡ്രൈവർ ഗ്രേഡ് 2 | 15000.00 |
| 4 | ബാബു.കെ.വി | ക്ലാർക്ക് | 15000.00 |
| 5 | മമത.പി | ഓഫീസ് അറ്റന്റന്റ് | 15000.00 |
| 6 | വിനോദ് കൃഷ്ണൻ.കെ.പി | ക്ലാർക്ക് | 15000.00 |
| | | ആകെ | 90000.00 |

അഡ്വാൻസ് നൽകിയ തുക സെപ്തംബർ/21 മാസത്തെ ശമ്പളം മുതൽ തിരികെ ഈടാക്കേണ്ടതാണ്. അഡ്വാൻസ് തിരിച്ചടവ് പരിശോധന നടത്തിയപ്പോൾ ക്രമ നം.(2) റഷീദ.കെ.എ, സീനിയർ ക്ലാർക്ക് എന്നവരുടെ 6000/-രൂപ -2 ഗഡു- തിരികെ ഈടാക്കാൻ ബാക്കിയുണ്ട്. ഇവർ 9000/-രൂപ തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ സെപ്തംബർ/21, നവമ്പർ/21 മാസങ്ങളിലെ ശമ്പളത്തിൽ നിന്നും ഇവരുടെ റിക്കവറി തുക 3000/-രൂപ പിടിച്ചിട്ടില്ല, ഈ തുകകൾ യഥാക്രമം 4.10.2021, 27.11.2021 തിയ്യതികളിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയാണ് ചെയ്തത്. ഇവർ നവമ്പർ മാസം അവസാനം സ്ഥലം മാറ്റം ലഭിച്ച് വിട്ടുതൽ ചെയ്തു. LPC യിൽ 6000/-രൂപ തിരിച്ചുപിടിക്കാൻ ബാക്കിയുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ നാളിതുവരെയായി ഈ തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

അഡ്വാൻസ് റിക്കവറി സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1.റഷീദ.കെ.എ, സീനിയർ ക്ലാർക്ക് എന്നവർ ഈ സമയത്ത് എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്ക് ആയിരുന്നു. എന്തുകൊണ്ട് സെപ്തംബർ/21, നവമ്പർ/21 മാസങ്ങളിൽ ഇവരുടെ അഡ്വാൻസ് റിക്കവർ ചെയ്യാത്തത് ശ്രദ്ധിക്കാതെ സെക്രട്ടറി ശമ്പള ബില്ലുകൾ പാസ്സാക്കി എന്നതിന് വിശദീകരണം നൽകിയിട്ടില്ല.

2.അഡ്വാൻസ് റിക്കവറിയുടെ കാലാവധി കഴിഞ്ഞ് നിലവിൽ 10 മാസം പിന്നിട്ടു. റഷീദ.കെ.എ സ്ഥലം മാറിപ്പോയ ഗ്രാമപഞ്ചായത്തിൽ നിന്നും 6000/-രൂപ റിക്കവറി ചെയ്തിട്ടുണ്ടോ എന്ന് അന്വേഷണം നടത്തുകയോ, തുക ഒടുക്കാൻ വേണ്ടി കത്ത് മുഖാന്തിരം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. നാളിതുവരെ റിക്കവറി തുക ഒടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.08/12.01.2023 മുഖാന്തിരം ഇക്കാര്യങ്ങൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.

റഷീദ.കെ.എ യിൽ 6000/-രൂപ ഈടാക്കി വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 MGNREGS ഓഫീസിലേക്ക് കമ്പ്യൂട്ടർ മോണിറ്റർ, പ്രിന്റർ വാങ്ങിയത്

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
വൗച്ചർ നം.22100989/17.3.2022 – 40,000/-രൂപ

ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ MGNREGS ഓഫീസിലേക്ക് 1 പ്രിന്റർ, 2 ഡെസ്ക് ടോപ് മോണിറ്റർ എന്നിവ വാങ്ങിയതിന് ആകെ 40,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനിയാക് സിസ്റ്റംസ് കാസറഗോഡിൽ നിന്നാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. 8.3.2022 ലെ സ്ഥാപനത്തിന്റെ അപേക്ഷയും ഇൻവോയ്സ് നം.1443/8.3.2022 പ്രകാരവുമാണ് തുക നൽകിയത്. ഇൻവോയ്സ് പ്രകാരം എപ്സൺ പ്രിന്റർ 1 എണ്ണം, എയ്സർ മോണിറ്റർ 21.5 ഇഞ്ച് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. വൗച്ചർ നം.22100989/17.3.2022 പ്രകാരം 40,000/-രൂപ നൽകി. (അക്കൗണ്ട് നം.851430110000046/ബാങ്ക് ഓഫ് ഇൻഡ്യ.)

ഈ പർച്ചേസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.പർച്ചേസിന് ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി അനുമതി നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ക്വട്ടേഷൻ ക്ഷണിച്ചത്, ലഭിച്ച ക്വട്ടേഷനുകൾ, ടാബുലേഷൻ ഷീറ്റ്, ഭരണസമിതി. പ്രൊക്യൂർമെന്റ് കമ്മിറ്റി അനുമതി നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.MGNREGS ഓഫീസിൽ നിലവിൽ കംപ്യൂട്ടർ, ലാപ് ടോപ്, പ്രിന്റർ എന്നിവ എത്ര എണ്ണം ഉണ്ട്, അവ ഏത് വർഷം വാങ്ങിയതാണ് എന്ന് പരിശോധിക്കുന്നതിന് കമ്പ്യൂട്ടറികളുടെയും മറ്റു ഹാർഡ് വെയറുകളുടെയും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.22/13.01.2023 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല, അതിനാൽ ചെലവ് തുക 40,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-22 വരൾച്ചാദുരിതാശ്വാസം -കുടിവെള്ള ടാങ്ക് വാങ്ങിയത്

വൗച്ചർ നം.22100182/02.07.2021 – 16,400/-രൂപ

ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 3 വാട്ടർ ടാങ്ക് വാങ്ങിയതിന് മേൽ വൗച്ചർ പ്രകാരം ആകെ 16,400/-രൂപ ചെലവഴിച്ചിട്ടുണ്ട്. നോട്ട് ഫയലിൽ 3 വാട്ടർ ടാങ്ക് വാങ്ങിയതിന് തുക അനുവദിക്കാവുന്നതാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചൈത്ര ഓട്ടോ സ്പെയേഴ്സ് &ഹാർഡ് വേർസ് ബദിയടുക്കയുടെ ഇൻവോയ്സ് നം.5086/(തിയ്യതി-ഇല്ല) പ്രകാരമാണ് തുക ചെലവഴിച്ചത്. ഇൻവോയ്സിൽ 2 എണ്ണം 1000 ലിറ്ററിന്റെ വാട്ടർ ടാങ്കും 32 എം.എം. ഹോസ് 30 മീറ്റർ എന്നിവ വാങ്ങിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 17.5.21 ലെ സ്ഥാപനത്തിന്റെ അപേക്ഷ പ്രകാരം 16400/-രൂപ (14000+2400) അനുവദിച്ചു.

ഈ പർച്ചേസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1.ഭരണസമിതി അംഗീകാരത്തോടെയാണോ പർച്ചേസ് നടത്തിയത്, തീരുമാനം സംബന്ധമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.നോട്ട് ഫയലിൽ 3 ടാങ്ക് വാങ്ങി എന്നും ഇൻവോയ്സ് പ്രകാരം 2 ടാങ്ക് നല്കി എന്നുമാണ് കാണുന്നത്. ഇൻവോയ്സ് പ്രകാരമാണ് തുക നൽകിയത്. അതിനാൽ അത് പ്രകാരമുള്ള 2 ടാങ്ക്, 30 എം.എം. ഹോസ് എന്നിവ നിലവിൽ എവിടെ സൂക്ഷിച്ചിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.23/13.01.2023 പ്രകാരം അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 16,400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ആംബുലൻസ് ഡ്രൈവർക്ക് വേതനം നൽകിയത് -2220/-രൂപ അധികം നൽകി

വൗച്ചർ നം.22100534/01.10.2021 – 22,200/-രൂപ

ബദിയടുക്ക ഗ്രാമപഞ്ചായത്ത് ആംബുലൻസ് ഡ്രൈവർ മുഹമ്മദ് സനദിന് സെപ്തംബർ/21 ലെ വേതനം നൽകാനായി മേൽ

വൗച്ചർ പ്രകാരം ആകെ 22,200/-രൂപ ചെലവഴിച്ചിട്ടുണ്ട്. വേതനം നൽകിയ NMR പരിശോധന നടത്തിയപ്പോൾ 2 NMR വഴിയാണ് 1 മാസത്തെ വേതനം നൽകിയിരിക്കുന്നത്. ഒന്നാമത്തെ NMR ൽ സെപ്തംബർ/21 മാസത്തെ 1 മുതൽ 27 വരെ ജോലി ചെയ്തതായി കാണിച്ചിട്ടുണ്ട്. 28,29,30 തിയ്യതികളിൽ ജോലി ചെയ്തില്ല എന്നതിന് ആബ്സെന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. 27 ദിവസം ജോലി ചെയ്തതിന് 740/-രൂപ പ്രകാരം 19980/-രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാമത്തെ NMR ൽ ആബ്സെന്റ് രേഖപ്പെടുത്തിയ 3 ദിവസങ്ങളിൽ ജോലി ചെയ്തതായി കാണിച്ച് 3 ദിവസത്തേക്ക് 740/-രൂപ പ്രകാരം 2220/-രൂപ അനുവദിച്ചിട്ടുണ്ട്.

ഒരു മാസത്തെ വേതനം നൽകുന്നതിന് 2 NMR ഉപയോഗിച്ചും, ആബ്സെന്റ് കാണിച്ച ദിവസങ്ങളിൽ പിന്നീട് പ്രസന്റ് കാണിച്ച് വേതനം നൽകിയതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം.09/12.01.2023 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ അധികം നൽകിയ 2220/-രൂപ തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-24 വൈദ്യുതി ബോർഡ് ഡെപ്പോസിറ്റ് വർക്ക് -കരാർ ഒപ്പിടുന്നതിൽ കാലതാമസം, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

1.മുച്ചീർക്കവെ പട്ടികജാതി കോളനി തെരുവ് വിളക്ക് മെയിൻ ലൈൻ പദ്ധതി പ്രൊജക്ട് നം.125/2022

അടങ്കൽ - 1,00,000/-രൂപ – എസ്.സി.പി

ചെലവ് - 92,712/-രൂപ

ബിൽ റഫറൻസ് നം.21200252017001197955/24.2.2022 – 92,712/-രൂപ

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ മുച്ചീർക്കവെ പട്ടികജാതി കോളനിയിലേക്ക് തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷനോട് പദ്ധതിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. അസി.എഞ്ചിനീയർ, ബദിയടുക്ക സെക്ഷൻ കത്ത് നം.DB04/2021-22/AE-ES-BDK/Dt.18.2.2022 പ്രകാരം എസ്റ്റിമേറ്റ്/ഡിമാന്റ് നോട്ടീസ് നൽകി. ആകെ 92,712/-രൂപയാണ് എസ്റ്റിമേറ്റ് തുക. ബിൽ റഫറൻസ് നം.21200252017001197955/24.2.2022 പ്രകാരം 92,712/-രൂപ ബദിയടുക്ക സെക്ഷന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തു. അക്കൗണ്ട് നം.42093170000047/കാനറാ ബാങ്ക്. 6.5.2022 ന് അസി.എഞ്ചിനീയറുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. കരാർ നം.06/2021-22.

ഈ പദ്ധതിക്ക് തുക നിക്ഷേപിച്ചത് 24.2.2022 നാണ്. പക്ഷെ വൈദ്യുതി ബോർഡുമായി കരാർ ഒപ്പു വെച്ചത് 6.5.2022 നാണ്, കരാർ ഒപ്പിടുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്, അതായത് 2 മാസം 12 ദിവസം കഴിഞ്ഞാണ്. പദ്ധതിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ചുള്ളിക്കാന പട്ടികജാതി കോളനി തെരുവ് വിളക്ക് മെയിൻ ലൈൻ പദ്ധതി

പ്രൊജക്ട് നം.382/2022

അടങ്കൽ - 2,00,000/-രൂപ – എസ്.സി.പി

ചെലവ് - 1,90,676/-രൂപ

ബിൽ റഫറൻസ് നം.21200252017001197964/24.2.2022 – 1,90,676/-രൂപ

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കാന പട്ടികജാതി കോളനിയിലേക്ക് തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷനോട് പദ്ധതിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. അസി.എഞ്ചിനീയർ, ബദിയടുക്ക സെക്ഷൻ കത്ത് നം.DB04/2021-22/AE-ES-BDK/Dt.18.2.2022 പ്രകാരം എസ്റ്റിമേറ്റ്/ഡിമാന്റ് നോട്ടീസ് നൽകി. ആകെ 1,90,676/-രൂപയാണ് എസ്റ്റിമേറ്റ് തുക. ബിൽ റഫറൻസ് നം.21200252017001197964/24.2.2022 പ്രകാരം 1,90,676/-രൂപ ബദിയടുക്ക സെക്ഷന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തു. അക്കൗണ്ട് നം.42093170000047/കാനറാ ബാങ്ക്. 6.5.2022 ന് അസി.എഞ്ചിനീയറുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. കരാർ നം.05/2021-22.

ഈ പദ്ധതിക്ക് തുക നിക്ഷേപിച്ചത് 24.2.2022 നാണ്. പക്ഷെ വൈദ്യുതി ബോർഡുമായി കരാർ ഒപ്പു വെച്ചത് 6.5.2022 നാണ്, കരാർ ഒപ്പിടുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്, അതായത് 2 മാസം 12 ദിവസം കഴിഞ്ഞാണ്. പദ്ധതിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.വിവിധ പട്ടികവർഗ്ഗ കോളനികളിൽ നിലാവ് - തെരുവ് വിളക്ക് മെയിൻ പദ്ധതി

പ്രൊജക്ട് നം.346/2022

അടങ്കൽ - 7,19,963/-രൂപ – ടി.എസ്.പി

ചെലവ് - 7,19,963/-രൂപ

ബിൽ റഫറൻസ് നം.21200252017001475652/26.3.2022 – 7,19,963/-രൂപ

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികവർഗ്ഗ കോളനികളിലേക്ക് നിലാവ് പദ്ധതിയിൽ തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക, സീതാംഗോളി, പെർള സെക്ഷനുകളോട് പദ്ധതിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. എസ്റ്റിമേറ്റ് സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പട്ടികവർഗ്ഗ കോളനികളുടെ പേര് | ഡിമാന്റ്/എസ്റ്റിമേറ്റ് കത്ത് നം./തിയ്യതി | തുക | വൈദ്യുതി ബോർഡ് സെക്ഷൻ/ അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | മാടത്തടുക്ക കുണ്ടിക്കാന കുണ്ടൽമൂല ദേവരക്കരെ മാജത്തടുക്ക പട്ടാജെ ചൊക്കിനടുക്ക കടമനെ | DB04/594/2021-22/AE/ES /BDK/Dt.25.3.2022,AE,KSEB,Badiadka | 4,78,632/- | ബദിയടുക്ക സെക്ഷൻ - 42093170000047 |
| 2 | പെരിയടുക്ക | Demand Notice Dt.24.3.2022, AE,KSEB,Seethangoli | 1,61,368/- | സീതാംഗോളി സെക്ഷൻ- 37049381587 |
| 3 | കാര്യാട് | DB/ES/PRL/PPSBDKGP/2021-22 /239/Dt.24.3.22 | 79,963/- | പെർള സെക്ഷൻ- 42133170000072 |
| | | ആകെ | 7,19,963/-രൂപ | |

ബിൽ റഫറൻസ് നം.21200252017001475652/26.3.2022 പ്രകാരം 7,19,963/-രൂപ അതാത് സെക്ഷന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തു. കരാർ നം.10/2021-22, 11/2021-22,12/2021-22/തിയ്യതി-6.5.2022 പ്രകാരം 3 സെക്ഷനുകളുമായി കാരാർ ഒപ്പിട്ടു. കരാർ ഒപ്പിടുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്.പെർള സെക്ഷന് കീഴിൽ കാര്യാട് കോളനിയിലെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഈ പദ്ധതിക്ക് തുക നിക്ഷേപിച്ചത് 26.3.2022 നാണ്. പക്ഷെ വിവിധ വൈദ്യുതി സെക്ഷനുകളുമായി കരാർ ഒപ്പു വെച്ചത് 6.5.2022 നാണ്, അതായത് 1 മാസം 12 ദിവസം കഴിഞ്ഞാണ്. ബദിയടുക്ക, സീതാംഗോളി സെക്ഷനുകളുടെ പ്രവർത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.വിവിധ പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് മെയിൻ പദ്ധതി

പ്രൊജക്റ്റ് നം.347/2022

അടങ്കൽ - 6,81,150/-രൂപ – എസ്.സി.പി

ചെലവ് - 6,81,150/-രൂപ

ബിൽ റഫറൻസ് നം.21200252017001475597/26.3.2022 – 6,81,150/-രൂപ

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിലേക്ക് തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ളതാണ് ഈ

പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക, സീതാംഗോളി,

പെർള സെക്ഷനുകളോട് പദ്ധതിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. എസ്റ്റിമേറ്റ് സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പട്ടികവർഗ്ഗ കോളനികളുടെ പേര് | ഡിമാന്റ്/എസ്റ്റിമേറ്റ് കത്ത് നം./തിയ്യതി | തുക | വൈദ്യുതി ബോർഡ് സെക്ഷൻ/ അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | ചോയിമൂലെ ഉർളിത്തടുക്ക ബാപ്പൂമൂലെ പട്ടാജെ | DB04/593/2021-22/AE/ES /BDK/Dt.25.3.2022,AE,KSEB,Badiadka | 3,99,395/- | ബദിയടുക്ക സെക്ഷൻ - 42093170000047 |
| 2 | പെർഡാനമൂലെ ദർബത്തടുക്ക | Demand Notice Dt.22.3.2022, AE,KSEB,Seethangoli | 2,39,771/- | സീതാംഗോളി സെക്ഷൻ- 37049381587 |
| 3 | ചൂട്ടത്തടുക്ക | DB/ES/PRL/PPSBDKGP/2021-22 /241/Dt.25.3.22 | 41,984/- | പെർള സെക്ഷൻ- 42133170000072 |
| | | ആകെ | 6,81,150/-രൂപ | |

ബിൽ റഫറൻസ് നം.21200252017001475597/26.3.2022 പ്രകാരം 6,81,150/-രൂപ അതാത് സെക്ഷന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തു. കരാർ നം.07/2021-22, 08/2021-22,09/2021-22/തിയ്യതി-6.5.2022 പ്രകാരം 3 സെക്ഷനുകളുമായി കാരാർ ഒപ്പിട്ടു. കരാർ ഒപ്പിടുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. പെർള സെക്ഷന് കീഴിൽ ചൂട്ടത്തടുക്ക കോളനിയിലെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഈ പദ്ധതിക്ക് തുക നിക്ഷേപിച്ചത് 26.3.2022 നാണ്. പക്ഷെ വിവിധ വൈദ്യുതി സെക്ഷനുകളുമായി കരാർ ഒപ്പു വെച്ചത് 6.5.2022 നാണ്, അതായത് 1 മാസം 12 ദിവസം കഴിഞ്ഞാണ്. ബദിയടുക്ക, സീതാംഗോളി സെക്ഷനുകളുടെ പ്രവർത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച 4 പദ്ധതികളുടെയും പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ആകെ ചെലവ് തുക16,84,501/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.02/12.01.2023)

1-25 എ.ബി.സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്റ്റ് നം.312/2022

അടങ്കൽ - 3,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 3,00,000/-രൂപ

വൗച്ചർ നം.22100960/05.3.2022 – 3,00,000/-രൂപ

കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ സംയുക്തപദ്ധതിയായ തെരുവ് നായ നിയന്ത്രണ പരിപാടിയിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകാനുള്ളതാണ് ഈ പദ്ധതി. കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കത്ത് നം.ഡി-2-1791/21/തിയ്യതി-14.2.2022 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം അടിയന്തിരമായി ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് വൗച്ചർ നം.22100960/05.3.2022 പ്രകാരം 3,00,000/-രൂപ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പദ്ധതിക്കായുള്ള ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു. അക്കൗണ്ട് നം.799013100000006/ജില്ലാ ട്രഷറി, കാസറഗോഡ്.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവ് നായ ശല്യം സംബന്ധിച്ച് യാതൊരു വിശദവിവരങ്ങളും ഫയലിൽ ലഭ്യമല്ല, ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടു, ഗ്രാമപഞ്ചായത്ത് തുക നൽകി എന്നാണ് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടത്. ആനിമൽ റൈറ്റ്സ് ഫണ്ട്, ബാംഗളൂരു എന്ന സ്ഥാപനമാണ് ഈ പദ്ധതിക്ക് വേണ്ടി മുൻവർഷങ്ങളിൽ പ്രവർത്തി നടത്തുന്നത്, നിലവിൽ ഈ സ്ഥാപനവുമായി കരാർ ഉണ്ടോ എന്നതിനാധാരമായി രേഖകൾ ഇല്ല. അതിനാൽ പദ്ധതി എങ്ങനെ പ്രാവർത്തികമാക്കും എന്ന് ഓഡിറ്റിന് സംശയം ഉണ്ട്. ഈ പദ്ധതിക്കായി തുക നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1.ചീഫ് വെറ്റിനറി ഓഫീസർ, ജില്ലാ വെറ്റിനറി കേന്ദ്രം, അണങ്കൂർ, കാസറഗോഡ് മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനായി ഗ്രാമപഞ്ചായത്തിലെ ഓരോ പ്രദേശത്തെയും ബന്ധപ്പെടേണ്ടവരുടെ പട്ടിക തയ്യാറാക്കണം ,ഈ പ്രദേശത്ത് എത്തി കരാർ എടുത്ത എ.ബി.സി ടീം നായ്ക്കളെ വന്ധ്യംകരിച്ച് തിരികെ കൊണ്ടുവിടും. നായ്ക്കളുടെ എണ്ണം മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കണം, റിപ്പോർട്ട് അതാത് സ്ഥാപനങ്ങൾക്ക് നൽകണം, മോണിറ്ററിംഗ് കമ്മിറ്റിയിലേക്ക് ഗ്രാമപഞ്ചായത്ത് ഒരു പ്രതിനിധിയെ തെരെഞ്ഞെടുക്കണം എന്നൊക്കെയുള്ള കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതുണ്ട്. ഇത്തരം കാര്യങ്ങൾ ചീഫ് വെറ്റിനറി ഓഫീസർ/ജില്ലാ പഞ്ചായത്ത് നിർവഹിച്ചിട്ടുണ്ടോ എന്ന് ഫയൽ പരിശോധനയിൽ വ്യക്തമായിട്ടില്ല.

2.ഈ പദ്ധതി പ്രകാരം 2021-22 വർഷത്തിൽ എത്ര നായ്ക്കളെ വന്ധ്യംകരണം നടത്തി എന്ന വിവരം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.കഴിഞ്ഞ 5 വർഷം എ.ബി.സി പദ്ധതിക്ക് വേണ്ടി പഞ്ചായത്ത് എത്ര തുക ചെലവഴിച്ചു, എത്ര നായ്ക്കളെ വന്ധ്യംകരണം നടത്തി, അതുമൂലം തെരുവ് നായ ശല്യം കുറഞ്ഞിട്ടുണ്ടോ എന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ടതിന് സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടത് പ്രകാരം 3,00,000/-രൂപ നിക്ഷേപിച്ചു എന്നല്ലാതെ ഗ്രാമപഞ്ചായത്തിന് പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിവരങ്ങൾ ഒന്നും ഇല്ല എന്ന് മനസ്സിലാക്കാവുന്നതാണ്. ഓഡിറ്റ് എൻക്വയറി നം.11/12.01.2023 പ്രകാരം ഈ വിവരങ്ങൾ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. മറുപടി നൽകിയിട്ടില്ല. അതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 അങ്കണവാടികൾക്ക് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്ട് നം.129/2022

അടങ്കൽ - 1,83,500/-രൂപ – മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് - 1,74,250/-രൂപ

ബിൽ റഫറൻസ് നം.21200252001401457246/25.3.2022 – 1,74,250/-രൂപ

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികൾക്ക് കുടിവെള്ള ടാങ്ക് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും Eniac Systems, Kasaragod 19.3.2022ന് സമർപ്പിച്ച ടാങ്ക് ECO CELL DELTA BLACK 1000 ലിറ്റർ എന്ന 4250/-രൂപ വില വരുന്ന കുറഞ്ഞ തുകയുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തു. 23.3.2022 ന് സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. ആകെ 41 ടാങ്കുകൾ വിതരണം ചെയ്യാനാണ് ആവശ്യപ്പെട്ടത്. കരാർ ഹാജരാക്കിയിട്ടുണ്ട്. ഇൻവോയ്സ് നം1493/തിയ്യതി-25.3.2022 പ്രകാരം സ്ഥാപനം 41 ടാങ്കുകൾ വിതരണം ചെയ്തു. ആകെ 1,74,250/-രൂപയാണ് ഇൻവോയ്സ് തുക. ബിൽ റഫറൻസ് നം.21200252001401457246/25.3.2022 പ്രകാരം 1,74,250/-രൂപ സ്ഥാപനത്തിന് നൽകി.അക്കൗണ്ട് നം.851430110000046.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.ടെണ്ടർ ക്ഷണിച്ചത് സംബന്ധമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ടെണ്ടറിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.ഹാജരാക്കിയ കരാറിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല, സ്ഥാപനത്തിന് വേണ്ടിയോ ഗ്രാമപഞ്ചായത്തിന് വേണ്ടിയോ ആരും ഒപ്പ് വെച്ചിട്ടില്ല.

4.ടാങ്കുകൾ വാങ്ങിയതിന്റെയും, ഇവ സ്റ്റോക്കിൽ എടുത്ത് അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.12/12.01.2023 പ്രകാരം അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല, അതിനാൽ ചെലവ് തുക 1,74,250/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 സ്കൂളുകൾക്ക് കംപോസ്റ്റ് പിറ്റ് പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്ട് നം.217/2022

അടങ്കൽ - 1)32,000/-രൂപ – ധനകാര്യ കമ്മീഷൻ അവാർഡ്

2)18,000/-രൂപ - കേന്ദ്ര ഫണ്ട്

ചെലവ് - 32,000/-രൂപ (ബിൽ റഫറൻസ് നം.21200252001401454359/25.3.2022)

സ്കൂളുകൾക്ക് കംപോസ്റ്റ് പിറ്റ് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. റെയ്ഡ്കോ കേരളാ,കാസറഗോഡ് ഇതിനായി 33000/-രൂപയുടെ പ്രഫോർമ ഇൻവോയ്സ് സമർപ്പിച്ചിട്ടുണ്ട്. നം.RAIDCO/KSGD/45/2021-22/Dt.24.3.2022. ഇത് അംഗീകരിച്ചുകൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കിയത്. 23.3.2022ന് കത്ത് നം.എസ്.സി1-2541/2022 പ്രകാരം റെയ്ഡ്കോക്ക് സപ്ലൈ ഓർഡർ നൽകി. 2 എണ്ണം സ്ഥാപിക്കാനാണ് ഓർഡറിൽ പറഞ്ഞിരിക്കുന്നത്. ഇൻവോയ്സ് നം.KSD/849 /2021-22/തിയ്യതി-24.3.2022 പ്രകാരം Biogas Plant 1.0 Cum Water Jacket Model വിതരണം ചെയ്തിട്ടുണ്ട്. ബിൽ റഫറൻസ് നം.21200252001401454359/25.3.2022 പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ വകയിരുത്തിയ 32000/-രൂപയിൽ ലിമിറ്റ് ചെയ്ത് തുക നൽകി. SABMP UP School വിദ്യാഗിരിയിൽ 1 എണ്ണം സ്ഥാപിച്ചതായി ഹെഡ് മാസ്റ്റർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.റെയ്ഡ്കോ കേരളാ,കാസറഗോഡ് സമർപ്പിച്ച പ്രഫോർമ ഇൻവോയ്സിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.കംപോസ്റ്റ് പിറ്റ് 2 എണ്ണം വാങ്ങിയിട്ടുണ്ട്, 1 എണ്ണം സ്ഥാപിച്ചതിന് രേഖ ഹാജരാക്കിയിട്ടുണ്ട്, ബാക്കി 1 എണ്ണം എവിടെ സ്ഥാപിച്ചു എന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.13/12.01.2023 പ്രകാരം രേഖകൾ ഹാജരാക്കാൻ അവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 32,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-28 തെരുവ് വിളക്ക് റിപ്പയർ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്റ്റ് നം.370/2022

അടങ്കൽ - 4,95,000/-രൂപ – തനത് ഫണ്ട്

ചെലവ് - 1,52,780/-രൂപ (വൗച്ചർ നം.22101061/31.3.2022)

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യാനുള്ളതാണ് ഈ പദ്ധതി. SRK Electricals&Engineering, Kasaragod എന്ന സ്ഥാപനമാണ് പ്രവൃത്തി നടത്തിയത്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപനം സമർപ്പിച്ച പാർട്ട് ബില്ല്, ഓഫീസ് നോട്ട്, ട്രഷറി ബില്ല് പകർപ്പ് എന്നിവ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. (പാർട്ട് ബില്ല് നം.05/31.3.2022, തുക 1,52,780/-രൂപ.) ഓഫീസ് നോട്ടിൽ റിപ്പയർ വർക്ക് നടത്തിയതിന്റെ വിശദവിവരങ്ങൾ, ബില്ല് എന്നിവ കരാറുകാരൻ ഹാജരാക്കി, അതിനാൽ പാർട്ട് പേമെന്റ് നൽകാം എന്നാണ് പറഞ്ഞിരിക്കുന്നത്, ഇത് സെക്രട്ടറി അംഗീകരിച്ചാണ് തുക നൽകിയത്. വൗച്ചർ നം.22101061/31.3.2022 പ്രകാരം 1,52,780/-രൂപയിൽ റിടെൻഷൻ തുക 15278/-രൂപ കിഴിച്ച് 1,37,502/-രൂപ കരാറുകാരന് നൽകി. (അക്കൗണ്ട് നം.4489101001325/കാനറാ ബാങ്ക്.)

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ, ലഭിച്ച ടെണ്ടറുകൾ, ടാബുലേഷൻ ഷീറ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ചതിന്റെ രേഖകൾ, സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല.

3.തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.. റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയതനുസരിച്ചാണോ റിപ്പയർ ചെയ്യുന്നത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമല്ല.

4.സ്ഥാപനം പ്രവൃത്തി പൂർത്തീകരിച്ച് പോസ്റ്റ് നമ്പർ അടക്കമുള്ള പട്ടിക തയ്യാറാക്കിയിട്ടില്ല.

5.റിപ്പയർ വർക്ക് നടത്തുന്നതിന് KSEB യുടെ അനുമതി വാങ്ങേണ്ടതാണ്, അവരുടെ സൂപ്പർവിഷൻ പ്രകാരമേ പ്രവൃത്തി നടത്താൻ പാടുള്ളൂ. സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയോ എന്നതിന് ആധാരമായി രേഖകൾ ഹാജരാക്കിയിട്ടില്ല.

6.പാർട്ട് ബില്ലാണ് നിലവിൽ നൽകിയത്, ഈ പ്രവൃത്തി പൂർത്തീകരിച്ചുവോ എന്ന് വിശദീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.14/12.01.2023 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,52,780/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

### 1-29 അസി.എഞ്ചിനീയർ-LSGD,വി.ഇ.ഒ ഓഫീസുകളിലേക്ക് കംപ്യൂട്ടർ വാങ്ങൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്റ്റ് നം.420/2022

അടങ്കൽ - 1,60,000/-രൂപ – എം.ജി(നോൺ റോഡ്)

ചെലവ് - 1,50,020/-രൂപ

ബിൽ റഫറൻസ് നം.21200252001401421710- 1,50,020/-രൂപ

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ-LSGD,വി.ഇ.ഒ ഓഫീസുകളിലേക്ക് കംപ്യൂട്ടർ വാങ്ങാനുള്ളതാണ് ഈ പദ്ധതി. ഹാജരാക്കിയ രേഖകൾ പ്രകാരം കെൽട്രോൺ ഐ.ടി.ബിസിനസ്സ് ഗ്രൂപ്പ് തിരുവനന്തപുരത്തിന്റെ പ്രൊഫോർമ ഇൻവോയ്സ് നം.TVM/ITBG/PI/RC/36284/21-22/തിയ്യതി-11.3.2022 പ്രകാരം നേരിട്ടാണ് പർച്ചേസ് നടത്തിയിരിക്കുന്നത്.ആകെ 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ആണ് പ്രൊഫോർമ പ്രകാരം വാങ്ങിയത്. വില 1,50,020/-രൂപ. ബിൽ റഫറൻസ് നം.21200252001401421710 പ്രകാരം 1,50,020/-രൂപ കെൽട്രോണിന് നൽകി. അക്കൗണ്ട് നം.799011400003959.

സർക്കാർ സ്ഥാപനങ്ങളിൽ ഇലക്ട്രോണിക്സ് സാധനങ്ങൾ സർക്കാർ പോർട്ടൽ സംവിധാനമായ CPRCS യിൽ കൂടി മാത്രമെ വാങ്ങാവൂ എന്ന് IT Cell ന്റെ 21.10.2019 തിയ്യതിയിലെ നം.106/2019 സർക്കുലർ ഉണ്ട്. ഇവിടെ കെൽട്രോണിൽ നിന്ന് നേരിട്ട് പർച്ചേസ് നടത്തുകയാണ് ചെയ്തത്. ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.സർക്കാർ പോർട്ടൽ സംവിധാനമായ CPRCS യിൽ കൂടി മാത്രമെ വാങ്ങാവൂ എന്ന് സർക്കുലർ നിലനിൽക്കെ നേരിട്ട് വാങ്ങിയതിന് വിശദീകരണം നൽകിയിട്ടില്ല.

2.നേരിട്ട് വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അനുമതി നൽകിയോ എന്നതിന് ആധാരമായി രേഖകൾ ഹാജരാക്കിയിട്ടില്ല.

3.കെൽട്രോൺ തിരുവനന്തപുരത്തിന്റെ പ്രൊഫോർമ ഇൻവോയ്സിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.കെൽട്രോണിന് നൽകിയ സപ്ലൈ ഓർഡർ പകർപ്പ്, ഡെസ്ക് ടോപ്പ് വിതരണം ചെയ്തതിന് കെൽട്രോൺ ഹാജരാക്കിയ ബില്ല്/ഇൻവോയ്സ്, എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5.ഡെസ്ക് ടോപ്പുകൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ, എ.ഇ. ഓഫീസ്. വി.ഇ.ഒ ഓഫീസ് എന്നവയ്ക്ക് എത്ര എണ്ണം വീതമാണ് നൽകിയത്, അവർ കൈപ്പറ്റിയതിന്റെ രശീത് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.15/12.01.2023 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,50,020/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 ഡെപ്പോസിറ്റ്/കോൺട്രിബ്യൂഷൻ- വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

1.CHC കോവിഡ് കെയർ സെന്റർ വേതനം പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ

പ്രൊജക്ട് നം.380/2022

അടങ്കൽ - 5,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 5,00,000/-രൂപ

വൗച്ചർ നം.22100809/27.1.2022 – 5,00,000/-രൂപ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബദിയടുക്ക സി.എച്ച്.സിയിൽ ഡോക്ടർമാർ, നേഴ്സുമാർ, ക്ലീനിംഗ് സ്റ്റാഫ് എന്നിവരെ നിയമിച്ചിരുന്നു. ഇവർക്ക് വേതനം നൽകാനുള്ള സംയുക്ത പദ്ധതിയാണിത്. കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നം.ഡി-153/2021/തിയ്യതി-20.1.2022 പ്രകാരം പദ്ധതിക്കായി തുക സംയുക്ത പദ്ധതിക്ക് വേണ്ടിയുള്ള പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ ആവശ്യപ്പെട്ടു. വൗച്ചർ നം.22100809/27.1.2022 പ്രകാരം 5,00,000/-രൂപ പ്രസ്തുത അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു. അക്കൗണ്ട് നം.799013100000122/ജില്ലാ ട്രഷറി, കാസറഗോഡ്.

2.ഓക്സിജൻ പ്ലാന്റിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ

പ്രൊജക്ട് നം.208/2022

അടങ്കൽ - 4,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 4,00,000/-രൂപ

വൗച്ചർ നം.22101026/24.3.2022 – 4,00,000/-രൂപ

ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള ചട്ടഞ്ചാൽ വ്യവസായ പാർക്കിൽ ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഓക്സിജൻ പ്ലാന്റ് വ്യാവസായികാടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കത്ത് നം.സി-2-1618/2021/തിയ്യതി-31.5.2021 പ്രകാരം സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് തുക വകയിരുത്തി വിശദവിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് വൗച്ചർ നം.22101026/24.3.2022 പ്രകാരം 4,00,000/-രൂപ സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു. അക്കൗണ്ട് നം.799013100000006/ജില്ലാ ട്രഷറി, കാസറഗോഡ്.

3.ചൊട്ടത്തടുക്ക അംഗൻവാടിക്ക് വൈദ്യുതീകരണം പദ്ധതി

പ്രൊജക്ട് നം.359/2022

അടങ്കൽ - 40,000/-രൂപ – എം.ജി(നോൺ റോഡ്)

ചെലവ് - 37,554/-രൂപ

ബിൽ റഫറൻസ് നം.21200252001401443736/24.3.2022 – 37,554/-രൂപ

ബദിയടുക്ക ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട ചൊട്ടത്തടുക്ക അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ നൽകാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷനാണ് പ്രവൃത്തി നടത്തേണ്ടത്. 23.3.2022 ന് കത്ത് പ്രകാരം 37,554/-രൂപയുടെ ഡിമാന്റ് നോട്ടീസ് സമർപ്പിച്ചിട്ടുണ്ട്. ബിൽ റഫറൻസ് നം.21200252001401443736/24.3.2022 പ്രകാരം 37,554/-രൂപ വൈദ്യുതി ബോർഡ് പെർള സെക്ഷനിൽ നിക്ഷേപിച്ചു. അക്കൗണ്ട് നം.42133170000072/കാനറാ ബാങ്ക്.

ഈ 3 പദ്ധതികളും പൂർത്തീകരിച്ച വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ആകെ ചെലവ് തുക 9,37,554/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.16/12.01.2023)

## 1-31 നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല

